### റെക്കോഡ് ഭേദിച്ച് സ്വർണവില

കൊച്ചി: സംസ്ഥാനത്ത് സ്വർണവിലയിൽ കുതിപ്പ് തുടരുന്നു. 22 കാരറ്റ് (916) സ്വർണത്തിന് ഇന്ന് ഗ്രാമിന് 100 രൂപ കൂടി 13,165 രൂപയിലും പവന് 800 രൂപ കൂടി 1,05,320 രൂപയിലുമാണ് വിൽപ്പന നടക്കുന്നത്. 18 കാരറ്റ് സ്വർണം ഗ്രാമിന് 80 രൂപ കൂടി 10,820 രൂപ, 14 കാരറ്റ് 65 രൂപകൂടി 8,430 രൂപ, 9 കാരറ്റ് 40 രൂപ ഉയർന്ന് 5,435 രൂപ എന്നിങ്ങനെയാണ് വില. വെള്ളി വില ഗ്രാമിന് 10 രൂപ കൂടി 285ലെത്തി. ഇറാനിലും വെനിസ്വേലയിലും അമേരിക്ക ഇടപെടുന്നതും ഇറാനുമായി വ്യാപാരബന്ധമുള്ള രാജ്യങ്ങൾക്ക് ട്രംപ് 25 ശതമാനം പുതിയ താരിഫ് പ്രഖ്യാപിച്ചതും അടക്കമുള്ള ആഗോള രാഷ്ട്രീയസാഹചര്യങ്ങളാണ് സ്വർണ വില ഉയർത്തുന്ന പ്രധാനഘടകം. ആഗോള വിപണിയിലും സ്വർണത്തിന് വില കുതിച്ചുയരുകയാണ്. സ്പോട്ട് ഗോൾഡ് വില ട്രോയ് ഔൺസിന് 4,628.82 ഡോളറായി. 23.62 ഡോളറാണ് ഒറ്റയടിക്ക് കൂടിയത്.



സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com



www.swathanthramandapam.com വാല്യം: 60 ലക്കം: 250 2026 ജനുവരി 14 ബുധൻ പേജ്: 4 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in


# കൗമാര കലോത്സവത്തിന് ആവേശത്തുടക്കം

64-ാമത് കേരള സ്കൂൾ കലോത്സവം

തൃശൂർ: ആഘോഷത്തിമിർപ്പിൽ ആർപ്പു വിളികളോടെ 64-ാമത് കേരള സ്കൂൾ കലോത്സവത്തിന് തൃശൂരിൽ കൊടിയേറി. പ്രധാന വേദിയായ സൂര്യകാന്തിയിൽ ഇന്ന് രാവിലെ 10 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്തു. ഇനി അഞ്ചു നാൾ പൂര നഗരിയിൽ ആളും ആരവവും നിറയും. കൗമാര കലയുടെ പുതുവസന്തം സാംസ്കാരിക നഗരത്തിലേക്കു ഒഴുകിയെത്തുമ്പോൾ ആധിതേയർക്കും പൂരാവേശം.

വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷനായി. റവന്യൂ മന്ത്രി കെ രാജൻ സ്വാഗതം ആശംസിച്ചു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു, കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി, മറ്റ് മന്ത്രിമാർ, എംഎൽഎമാർ, മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, സിറ്റി പൊലിസ് കമീഷണർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. സർവം മായ എന്ന ചിത്രത്തിലെ 'ഡെലുലു'വായി പ്രേക്ഷക മനം കവർന്ന റിയ ഷിബു മുഖ്യാതിഥിയായിരുന്നു.

14 മുതൽ 18 വരെ നടക്കുന്ന കലോത്സവത്തിൽ പതിനയ്യായിരത്തോളം വിദ്യാർഥികളാണ് മാറ്റുരക്കുന്നത്. 25 വേദികളിലായി 249 മത്സരയിനങ്ങളാണ് നടക്കുന്നത്. തേക്കിൻകാട് മൈതാനത്തെ എക്സിബിഷൻ ഗ്രൗണ്ടാണ് പ്രധാനവേദി. കലോത്സവത്തിന്റെ 25 വേദികൾക്കും പല ശ്രേണിയിൽപെടുന്ന ഗന്ധമുള്ള പൂക്കളുടെ പേരാണ് നൽകിയിട്ടുള്ളത്. ഉത്തരവാദിത്വ കലോത്സവം എന്നതാണ് ഇത്തവണത്തെ കലോത്സവത്തിന്റെ ആപ്തവാക്യം. 25 വേദികളിലും ആംബുലൻസ്, കുടിവെള്ളം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. നഗരത്തിനു ചുറ്റുമുള്ള 20 സ്കൂളുകളിലാണ് താമസസൗകര്യം ഒരുക്കിയിട്ടുള്ളത്. എല്ലാ വേദികളും താമസസൗകര്യം ഒരുക്കിയ സ്കൂളുകളിലും പൊലീസ് നിരീക്ഷണമുണ്ട്. ശുചിമുറി, ടോയ്‌ലറ്റ് എന്നിവ പ്രദേശത്ത് ഒരുക്കിയിട്ടുണ്ട്.



കാസർകോട്മൊഗ്രാൽ ജിവിഎച്ച്എസ്എസിൽനിന്ന് പ്രയാണമാരംഭിച്ച 117.5 പവൻ സ്വർണക്കപ്പ് വിവിധ ജില്ലകളിലെ സ്വീകരണ പര്യടനത്തിനുശേഷം തൃശൂരിലെത്തി. കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ടീമിനാണ് (ജില്ല) സ്വർണക്കപ്പ്നൽകുക. കൗമാരതാരങ്ങൾ ഓരോ വേദിയിലും ഇഞ്ചോടിഞ്ച് പോരാട്ടത്തിന് തയാറെടുക്കുകയാണ്.

തേക്കിൻകാട്മൈതാനിയിലെ എക്സിബിഷൻ ഗ്രൗണ്ടിലെ സൂര്യകാന്തി വേദിയിലായിരുന്നു ഉൽഘാടന സദസ്സ്.

കേരള കലാമണ്ഡലത്തിലെ നർത്തകിമാർ കേരളീയ ദൃശ്യാവിഷ്ക്കാരം അതി മനോഹരമായി അവതരിപ്പിച്ച ശേഷമായിരുന്നു ഉദ്ഘാനം. പാലക്കാട് പൊറ്റശ്ശേരി ഹൈസ്കേകു ളിലെ യുവകലാകാരന്മാർ ചിട്ടപ്പെടുത്തിയ അവതരണ ഗാനവും ഹൃദ്യമായി. വേദിക്കു മുൻവശം കാലത്തു തന്നെ 64 വർണ്ണ കടകളുടെ കടമാറ്റ പരാത്തലത്തിൽ പാണ്ടിമേളം കൊട്ടികയറി. മനോഹരമായ സ്തൂപത്തിൽ കലോത്സവ പതാക വിദ്യാഭ്യാസ ഡയറക്ടർ ഉയർത്തി കലോത്സവം കളറാക്കാൻ ടി.വി. ചാനലുകളുടെ വൻ ഒരുക്കമാണ് കലോത്സവ നഗരിയിലുള്ളത്

## 'കേരളത്തിൽ എയിംസ് വരും, മറ്റേ മോനേ'; അധിക്ഷേപ പരാമർശവുമായി സുരേഷ് ഗോപി

തൃപ്പൂണിത്തുറ: വീണ്ടും അധിക്ഷേപ പരാമർശവുമായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. എയിംസ് കേരളത്തിലേക്ക് വരുമെന്ന അവകാശ വാദത്തിനിടെയാണ് സുരേഷ് ആരുടെയും പേര് പ്രത്യേകമായി എടുത്ത് പറയാതെ ഗോപിയുടെ അധിക്ഷേപ പരാമർശം. തൃപ്പൂണിത്തുറ എൻഎം ഹാളിൽ ബിജെപി സംഘടിപ്പിച്ച 'വികസിത തൃപ്പൂണിത്തുറയ്ക്കായ്' യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.



എയിംസിനായി കൂടുതൽ ജില്ലകളുടെ പേര് നിർദേശിക്കാനാണ് 2015 മുതൽ കേന്ദ്ര സർക്കാർ കേരള സർക്കാരിന്റെ ആരോഗ്യവകുപ്പിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതെന്ന് സുരേഷ് ഗോപി പറഞ്ഞു.

"പുച്ഛം കാണും, കേരളത്തിൽ എയിംസ് വരുമെന്ന് പറയുമ്പോൾ പലരും അങ്കലാപ്പിലാകുന്നുണ്ട്. പുച്ഛിക്കും, അത് അവരുടെ ഡിഎൻഎയാണ്. അതവർ ചെയ്തുകൊണ്ടേയിരിക്കട്ടെ. പിഒഎസ് മെഷീനെ കുറിച്ചും ഇന്ത്യയിലെ സാധാരണക്കാരായ ആളുകളുടെ പച്ചക്കറി മാർക്കറ്റിൽ വരെ ഡിജിറ്റൽ ട്രാൻസാക്ഷൻ വരുമെന്നും അരുൺ ജെയ്റ്റ്‌ലി പറഞ്ഞപ്പോൾ രാജ്യസഭയിൽ നിന്നുകൊണ്ട് വലിയ സാമ്പത്തിക വിദഗ്ധൻ, സുപ്രീം കോടതിയിലെ വലിയ വക്കീൽ രാജാവ് എന്താണ് പുച്ഛിച്ചതെന്ന് നിങ്ങൾ കണ്ടതല്ലേ. പിന്നെ ഉരുളക്കിഴങ്ങും തക്കാളിയും ഒക്കെ വിൽക്കുന്നവർ ഉടൻ തന്നെ പിഒഎസ് ഒക്കെവെച്ച് ഒണ്ടാക്കിക്കളയും. അവരുടെ അടുത്ത് പിഒഎസ് മെഷീനുണ്ടോ, ചാർജ് ചെയ്യാൻ സൗകര്യമുണ്ടോ, വൈഫൈ കണക്ഷനുണ്ടോ എന്നൊക്കെയല്ലേ ചോദിച്ചത്. ഇന്ന് രാജ്യം എന്താണ്? ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ഒരു സംഘം വന്നപ്പോൾ രാജ്യത്തെ സാധാരണക്കാരായ സ്ത്രീകൾ എന്താണ് പറഞ്ഞത്? വീ ഡോണ്ട് ടേക്ക് കറൻസി... എന്നിടത്ത് എത്തിയെങ്കിൽ കേരളത്തിൽ എയിംസ് വരും മറ്റേ മോനേ എന്ന് മാത്രമേ എനിക്ക് പറയാൻ പറ്റൂ", സുരേഷ് ഗോപി പറഞ്ഞു.

തീർച്ചയായും കേരളത്തിൽ ഒരു ജില്ലയിൽ എയിംസ് വരും. അത് വരും എന്ന് പറയുന്നത് ആരെയൊക്കെയോ ഭയപ്പെടുത്തുന്നുണ്ട്. അങ്ങനെയുള്ളവർ ആ ഭയത്തിൽ മുങ്ങി മരിക്കട്ടെ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ജോസ് കെ മാണിക്ക് പാല

തിരു: ജോസ് കെ മാണിക്ക് പാല മണ്ഡലം വിട്ടുകൊടുത്ത് മാണി സി കാപ്പൻ തിരുവമ്പാടിയിൽ മത്സരിക്കാൻ ധാരണ. മുസ്ലിംലീഗ് നേതാവ് കുഞ്ഞാലികുട്ടിയുമായി നടത്തിയ ചർച്ചയിലാണ് ഈ ധാരണ ഉണ്ടായത്. മാണി ഗ്രൂപ്പിന് 6 സീറ്റ് നൽകാനാണ് യു ഡി എഫ് ആലോചിക്കുന്നത്.

കേരള കോൺഗ്രസിന്റെ മുന്നണിമാറ്റ അഭ്യൂഹങ്ങൾക്കിടെ ജോസ് കെ.മാണിയെ ഫോണിൽ വിളിച്ച് മന്ത്രി വി.എൻ. വാസവൻ. മുന്നണിവിടരുതെന്ന് വാസവൻ അറിയിച്ചതായാണ് വിവരം. കേരള കോൺഗ്രസ് എം മുന്നണിവിട്ടാൽ പാർട്ടി പിളർത്താനാണ് സി.പി. എം. നീക്കം. റോഷി അഗസ്റ്റിനും പ്രമോദ് നാരായണനുമായി സി.പി.എം. നേതൃത്വം ആശയവിനിമയം നടത്തി.

## പ്രക്ഷോഭകരെ തൂക്കിക്കൊല്ലാനാണ് ഭാവമെങ്കിൽ ശക്തമായ മറുപടി– ഇറാന് മുന്നറിയിപ്പുമായി ട്രംപ്

ടെഹ്റാൻ: ഇറാനിൽ തുടരുന്ന പ്രതിഷേധങ്ങൾക്ക് പിന്തുണയുമായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. സഹായം ഉടൻ എത്തുമെന്ന് പ്രതിഷേധക്കരെ അറിയിച്ച ട്രംപ്, പ്രക്ഷോഭകരെ വധിക്കാൻ തുനിഞ്ഞാൽ ശക്തമായ നടപടിയുണ്ടാകുമെന്ന് ഇറാൻ ഭരണകൂടത്തെ അറിയിക്കുകയും ചെയ്തു. ഇറാനിലെ പ്രക്ഷോഭങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ വൈറ്റ് ഹൗസ് പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ് ഇറാനിലെ പ്രവാസി മുൻ കിരീടാവകാശിയായ റെസ പഹ്ലവിയെ രഹസ്യമായി കണ്ടതായും റിപ്പോർട്ടുണ്ട്.

'പ്രതിഷേധം തുടരുക, സഹായം ഉടനെത്തും' എന്ന് ട്രംപ് ടിറ്ററിൽ കുറിച്ചു. ഇറാനിലെ പ്രക്ഷോഭകരെ തൂക്കിലേറ്റുകയാണെങ്കിൽ ശക്തമായ നടപടിയെടുക്കുമെന്ന് അദ്ദേഹം സിബിഎസ് ന്യൂസിനോട് പറഞ്ഞു. അതിനിടെ ഇലോൺ മസ്കിന്റെ സ്പേസ് എക്സ് ഇറാന് സൗജന്യ സ്റ്റാർലിങ്ക് സാറ്റലൈറ്റ് സംവിധാനം നൽകിയതായും റിപ്പോർട്ടുണ്ട്. ഇറാന്റെ വാർത്താവിനിമയ സംവിധാനം പൂർണമായി നിലച്ചതിനു പിന്നാലെയാണിത്.

ഇറാനിലെ പ്രക്ഷോഭങ്ങളുടെ നിയന്ത്രണം ഏറ്റെടുത്തതായി ഇറാനിയൻ അധികൃതർ അവകാശപ്പെട്ടെങ്കിലും പ്രക്ഷോഭകർക്ക് നേരെ വെടിയുതിർത്തെന്നും ഇന്റർനെറ്റ് നിരോധനത്തിലൂടെ അടിച്ചമർത്തലിന്റെ വ്യാപ്തി മറച്ചുവച്ചെന്നും മനുഷ്യാവകാശ സംഘടനകൾ ആരോപിക്കുന്നു. മോർച്ചറിയിൽ ബാഗുകളിൽ പൊതിഞ്ഞ നിലയിൽ മൃതദേഹങ്ങൾ നിരനിരയായി കിടക്കുന്നതും ബന്ധുക്കൾ തങ്ങളുടെ വേണ്ടപ്പെട്ടവരെ തിരയുന്നതും കാണാം. യുഎസ് ആസ്ഥാനമായുള്ള മനുഷ്യാവകാശ ആക്ടിവിസ്റ്റ് ന്യൂസ് ഏജൻസിയുടെ കണക്കനുസരിച്ച്, മരണസംഖ്യ 2571 ആയി.




## കെൽട്രോണിൽ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

തൃശൂർ: കെൽട്രോണിന്റെ എറണാകുളത്തുള്ള സെന്ററിൽ സർക്കാർ അംഗീകൃത കോഴ്സുകളായ പി.ജി. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ അപ്ലിക്കേഷൻ, എ. ഐ ഡിജിറ്റൽ മാർക്കറ്റിംഗ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റനൻസ് വിത്ത് ഇഗാഡ്ജെറ്റ് ടെക്നോളജി എന്നീ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ആരംഭിച്ചു. അവസാന തീയതി ജനുവരി 24. കൂടുതൽ വിവരങ്ങൾക്ക് 0484 -2971400, 8590605259 എന്ന ഫോൺ നമ്പറിലോ, ഹെഡ് ഓഫ് സെന്റർ. എം ഇ എസ് കൾച്ചറൽ കോംപ്ലക്സ്, കലൂർ, എറണാകുളം-682017 എന്ന വിലാസത്തിലോ ബന്ധപ്പെടുക.

## പ്രൊഫൈൽ ഗ്രീവൻസ് തിരുത്തലുകൾക്ക് അവസരം

തൃശൂർ: ഗവ. ഐ ടി ഐ ചാലക്കുടിയിൽ 2011 വർഷം മുതൽ അഡ്മിഷനായ ട്രെയിനികളുടെ പ്രൊഫൈൽ ഗ്രീവൻസ് സംബന്ധമായ തിരുത്തലുകൾ വരുത്തുന്നതിന് എസ് ഐ ഡി എച്ച് പോർട്ടലിൽ അവസരം. വിശദ വിവരങ്ങൾക്ക് 0480- 2701491 എന്ന നമ്പറിലോ coe.itichalakudy @gmail.comഎന്ന വിലാസത്തിലോ ബന്ധപ്പെടുക.

## റാങ്ക് പട്ടിക റദ്ദാക്കി

തൃശൂർ: തൃശ്ശൂർ ജില്ലയിൽ വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (എസ്.ടി പ്രത്യേക റിക്രൂട്ട്മെന്റ്) (കാറ്റഗറി നമ്പർ: 216/2019) തസ്തികയിലേക്ക് 2022 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്ന 635/2022/ഡി ഒ ആർ നമ്പർ റാങ്ക് പട്ടിക, മൂന്ന് വർഷ കാലാവധി പൂർത്തിയായതിനെ തുടർന്ന് 2025 നവംബർ ഒന്നിന് പൂർവ്വാഹ്നത്തിൽ നിലവിലില്ലാത്ത വിധം 2025 ഒക്ടോബർ 31 അർദ്ധരാത്രി മുതൽ റദ്ദാക്കിയതായി കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസർ അറിയിച്ചു.

## ഐ.എച്ച്.ആർ.ഡി വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

തൃശൂർ: ഐ.എച്ച്. ആർ. ഡിയുടെ തിരുവനന്തപുരം മുട്ടട റീജിയണൽ സെന്റർ നടത്തുന്ന വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പി.ജി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, പി.ജി ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക് ആൻഡ് സെക്യൂരിറ്റി കോഴ്സ്, ഡാറ്റാ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്.

ഡിഗ്രി യോഗ്യതയുള്ളവർക്ക് പി.ജി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിലേക്കും ബി.ടെക്/ബി.എസ്.സി/ ബി.സി.എ/ എം.ടെക് /എം.സി.എ/ എം.എസ്.സി (സി.എസ്) യോഗ്യതയുള്ളവർക്ക് പി.ജി ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക് ആൻഡ് സെക്യൂരിറ്റി കോഴ്സിലേക്കും എസ്.എസ്.എൽ.സി യോഗ്യതയുള്ളവർക്ക് ഡാറ്റാ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ കോഴ്സിലേക്കും പ്ലസ് ടു യോഗ്യതയുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിലേക്കും എസ്.എസ്.എൽ.സി യോഗ്യതയുള്ളവർക്ക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് എന്നീ കോഴ്സിലേക്കും ജനുവരി 15 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഐച്ച് ആർ ഡി യുടെ റീജിയണൽ സെന്ററിൽ നേരിട്ടോ 0471 - 2550612, 9400519491 എന്നീ ഫോൺ നമ്പറിലോ ബന്ധപ്പെടുക.

## കെ മാറ്റ് സൗജന്യ പരീക്ഷ പരിശീലനം

തൃശൂർ: 2026-27 അധ്യയന വർഷത്തെ എം.ബി.എ പ്രവേശന പരീക്ഷയായ കെ-മാറ്റ് ഒന്നാം ഘട്ട പ്രവേശന പരീക്ഷയുടെ ഓൺലൈൻ പരീക്ഷ പരിശീലനം സഹകരണ വകുപ്പിന് കീഴിലുള്ള സി.എ.പി.ഇ എം.ബി.എ കോളേജായ ഐ.എം.ടി പുന്നപ്രയിൽ നടത്തുന്നു. താത്പര്യമുള്ള അവസാന വർഷ വിദ്യാർത്ഥികൾക്കും ബിരുദം നേടിയവർക്കും പരിശീലനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0477-2267602, 9188067601, 9946488075, 9747272045 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# സംസ്ഥാന സ്കൂൾ കലോത്സവം: 'ചാരെ' പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു

തൃശൂർ: സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാനെത്തുന്ന കലാപ്രതിഭകൾക്ക് ഹൃദ്യമായ സ്വാഗതം ഒരുക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ ഹയർസെക്കൻഡറി എൻഎസ്എസ് യൂണിറ്റുകൾ നടപ്പാക്കുന്ന 'ചാരെ' പദ്ധതിയുടെ ഉദ്ഘാടനം പൊതു വിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു.

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാനെത്തുന്ന കലാപ്രതിഭകൾക്ക് താമസ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ വസ്തുക്കൾ ഹയർ സെക്കൻഡറി എൻഎസ്എസ് യൂണിറ്റുകൾ കൈമാറി. ഉപയോഗയോഗ്യമായ സാധനങ്ങൾ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിലെ ആവശ്യക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുകയും, പുനരുപയോഗത്തിന് അനുയോജ്യമല്ലാത്തവ ഹരിതകർമ്മ സേനയ്ക്ക് കൈമാറുകയും ചെയ്യും. പരിസ്ഥിതി സംരക്ഷണവും സാമൂഹിക ഉത്തരവാദിത്വവും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. തൃശ്ശൂർ ജില്ലയിലെ 13,200 ഹയർ സെക്കൻഡറി എൻഎസ്എസ് വളണ്ടിയർമാർ ഈ ദൗത്യത്തിൽ സജീവ പങ്കാളികളാണ്. കലോത്സവ നഗരിയിൽ ഉത്തരവാദിത്വത്തിന്റെ പുതിയ മാതൃക സൃഷ്ടിക്കുകയാണ് 'ചാരെ' പദ്ധതിയിലൂടെ എൻഎസ്എസ് വിദ്യാർത്ഥികൾ.

സംസ്ഥാന സ്കൂൾ കലോത്സവത്തിന് മുന്നോടിയായി ജില്ലയിലെ നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിലുള്ള ഗ്രീൻ വളണ്ടിയേഴ്സ് തൃശ്ശൂർ നഗരത്തിന്റെ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ജില്ലയിലെ 200ലധികം അധ്യാപകർ, കോർപ്പറേഷൻ ഹരിത കർമ്മ സേന തൊഴിലാളികൾ, ശുചിത്വ മിഷൻ പ്രവർത്തകർ എന്നിവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. തേക്കിൻകാട് മൈതാനം, ടൗൺഹാൾ, ഭക്ഷണശാല, കലോത്സവം നടക്കുന്ന സ്കൂളുകൾ എന്നിവയാണ് കലോത്സവത്തിന് മുന്നോടിയായി ശുചീകരിച്ചത്.

ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ. ഉമേഷ്, ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ പി എം ബാലകൃഷ്ണൻ, കോർപ്പറേഷൻ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ കാർത്തിക മുരളി, ഗ്രീൻ പ്രോട്ടോകോൾ കോ-ഓഡിനേറ്റർ, എൻ. എസ് എസ് ഹയർ സെക്കൻഡറി ജില്ല കൺവീനർ എം. വി. പ്രതീഷ്, ഹരിതകർമ്മസേനാംഗങ്ങൾ ക്ലസ്റ്റർ കൺവീനർമാരായ തോമസ് എ എം, വിജീഷ് എം വി, ശാലിനി ആർ, രേഖ ഇ ആർ, ശ്രീകല , സൂര്യതേജസ്, സന്ധ്യ പി പി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ കലവറയിൽ തൃശ്ശൂർ ഡിഡി പി കെ ബാലകൃഷ്ണൻ വടുകപ്പുളി അരിയുന്നു

# നാൽപത് വർഷങ്ങളുടെ സംഗീതയാത്രക്ക് ജന്മനാടിന്റെ ആദരം: മോഹൻ സിത്താര മലയാളത്തിന്റെ സംഗീതസ്മൃതി

കാലം മാറിയാലും ഹൃദയങ്ങളിൽ പതിഞ്ഞുനിൽക്കുന്ന അനേകം ഗാനങ്ങളിലൂടെ മലയാള സിനിമാ സംഗീതലോകത്ത് സ്വന്തമായൊരു ഇടം ഉറപ്പിച്ച സംഗീത സംവിധായകനാണ് മോഹൻ സിത്താര. പാവറട്ടിക്കടുത്ത പെരുവല്ലൂരിന്റെ മണ്ണിൽ നിന്ന് ഉദിച്ചുയർന്ന് നാൽപ്പത് വർഷങ്ങളുടെ സംഗീതയാത്ര പൂർത്തിയാക്കിയ ഈ കലാകാരന് ജന്മനാടിന്റെ സ്നേഹാദരം ലഭിച്ച നിമിഷങ്ങളായിരുന്നു വിദ്യാവിഹാർ ട്രസ്റ്റിന്റെ സിൽവർ ജൂബിലി ആഘോഷ വേദിയി സാക്ഷ്യം വഹിച്ചത്.സംഗീതത്തിന്റെ ലാളിത്യവും ആത്മാർത്ഥതയും ചേർത്തൊരു ശൈലി മോഹൻ സിത്താരയുടെ പ്രത്യേകതയായി മാറി.മലയാള സിനിമയ്ക്ക് പുറമെ മറ്റു ഇന്ത്യൻ ഭാഷകളിലും അദ്ദേഹം ഒരുക്കിയ ഗാനങ്ങൾ സംഗീതപ്രേമികളുടെ മനസ്സിൽ ഇടം നേടി. കാലഘട്ടങ്ങൾ മാറുമ്പോഴും തന്റെ സംഗീതം കാലാതീതമായി നിലനിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞതിന്റെ തെളിവായിരുന്നു ഈ ആദരിക്കൽ ചടങ്ങ്.

വിദ്യാവിഹാർ ട്രസ്റ്റിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച അനുമോദന ചടങ്ങിന് അഡ്വ.സുജിത് അയിനിപ്പുള്ളി അധ്യക്ഷത വഹിച്ചു. ട്രസ്റ്റ് ചെയർമാൻ അഡ്വ. കെ.വി.മോഹനകൃഷ്ണൻ 'വിദ്യാരക്ഷിത് 2026' പുരസ്ക്കാരം മോഹനൻ സിത്താരയ്ക്ക് സമർ പ്പിച്ചു. നിറഞ്ഞ കൈയ്യടികളോടെയായിരുന്നു വേദി സംഗീതപ്രതിഭയെ വരവേറ്റത്.

വർഷങ്ങൾക്ക് ശേഷം ജന്മനാട്ടിൽ തിരിച്ചെത്തി ആദരവേറ്റ് വാങ്ങിയത് തനിക്ക് പ്രത്യേക അനുഭൂതി നല്കിയെന്ന് മോഹൻ സിതാര പറഞ്ഞു. ചടങ്ങിൽ പ്രശസ്ത സിനിമാ സംവിധായകൻ ദേവരാജൻ മൂക്കോല, ക്ലബ് എഫ്.എം.സീനിയർ പ്രൊഡ്യൂസർ ആർ. ജെ.സിംല മേനോൻ, സാഹിത്യകാരൻ റാഫി നീലാങ്കാവിൽ,കരുണ ഫൗണ്ടേഷൻ ചെയർമാൻ കെ.ബി.സുരേഷ്,സിനിമാതാരം ബിജേഷ് അവണൂർ , മാധ്യമ പ് പ്രവർത്തകൻ രാജേഷ് മേനോൻ , സംഗീത സംവിധായകൻ ബിനോയ് എസ്.പ്രസാദ്, പിന്നണി ഗായകൻ സനോജ് പെരുവല്ലൂർ, ഗുരുവായൂർ റോട്ടറി ക്ലബ് ഓഫ് ഹെറിറ്റേജ് പ്രസിഡന്റ് പി. ഗോപാലകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു. വിവിധ രംഗങ്ങളിൽ നിന്നുള്ള പ്രമുഖർ അദ്ദേഹത്തിന്റെ സംഗീത സംഭാവനകളെ സ്നേഹപൂർവ്വം ഓർമ്മിച്ചു. അനുമോദനത്തിനു ശേഷം അരങ്ങേറിയ കലാപരിപാടികളും സംഗീത സന്ധ്യയും ചടങ്ങിനെ കൂടുതൽ സ്മരണീയമാക്കി.സംഗീതം, ഓർമ്മകൾ , അനുഭവങ്ങൾ എന്നിവ ചേർന്ന് പാവറട്ടിയുടെ സംഗീത ചരിത്രത്തിലൊരു മനോഹര അധ്യായമായി മാറി.വിദ്യാവിഹാർ സെൻട്രൽ സ്കൂൾ പ്രിൻസിപ്പാൾ ഉഷാ നന്ദകുമാർ അക്കാദമിക് ഡയറക്ടർ ശോഭമേനോൻ ,ജെതിൻ അശോകൻ എന്നിവരാണ് പരിപാടികളുടെ മുഖ്യ സംഘാടകർ.




## ഹരിത കർമ്മ സേനാംഗങ്ങൾക്ക് ജില്ലാതല ക്വിസ് മത്സരം

തൃശൂർ: ദേശീയ പരിസ്ഥിതി ഉച്ചകോടിയുടെ ഭാഗമായി ജില്ലയിലെ ഹരിത കർമ്മ സേനാംഗങ്ങൾക്ക് ജില്ലാതല ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജനുവരി 16ന് ഉച്ചയ്ക്ക് രണ്ടുമണിക്ക് തൃശൂർ സിവിൽ സ്റ്റേഷൻ ജില്ലാ ആസൂത്രണ ഭവൻ ഹാളിലാണ് മത്സരം സംഘടിപ്പിക്കുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പത്തുവർഷങ്ങൾ' എന്ന ജില്ലാതല സെമിനാറിന്റെ ഭാഗമായാണ് മത്സരം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഹരിത കേരളം മിഷൻ ബ്ലോക്ക് കോ-ഓഡിനേറ്റർമാർ മുഖേന 9496217532 എന്ന നമ്പറിൽ ജനുവരി 15ന് മുൻപേ രജിസ്റ്റർ ചെയ്യണം.

## ജില്ലാ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ജില്ലാതല വാർഷിക പരിശീലനം 16ന്

ജില്ലാ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ ഫീൽഡ് ജീവനക്കാർക്കുള്ള ജില്ലാതല വാർഷിക പരിശീലന പരിപാടി ജനുവരി 16 വെള്ളിയാഴ്ച നടക്കും. രാവിലെ 9.30 മുതൽ വൈകിട്ട് അഞ്ച് മണി വരെ കളക്ടറേറ്റ് എക്സിക്യൂട്ടീവ് കോൺഫറൻസ് ഹാളിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. രാവിലെ 11 മണിക്ക് റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ പരിപാടി ഉദ്ഘാടനം ചെയ്യും.



പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മണ്ണുത്തിയിൽ നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന് അഭിവന്ദ്യ മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലിത്ത കല്ലിടൽ കർമ്മം നിർവ്വഹിക്കുന്നു. ക്ലർജി സെക്രട്ടറി റവ.കെ. ആർ.ഇനാശു,വികാരി ജനറാൾ റവ.ജോസ് വേങ്ങശ്ശേരി,റവ.ലാസർ മത്തുംപടി,ശമ്മാശൻ ചാക്കുണി എന്നിവർ ശുശ്രൂഷകൾക്ക് സഹകാർമികരായിരുന്നു.ട്രസ്റ്റി ചെയർമാൻ അബി ജെ.പൊൻമണിശ്ശേരി,പദ്ധതി വിശദീകരിച്ചു.വൈസ് ചെയർമാൻ ഗിഫ്റ്റൻ കെ.ജോസഫ്,സ്വാഗതം ആശംസിച്ചു.ട്രസ്റ്റിമാരായ പോൾ അബി മലേക്,ജോഫിൻ ജോൺ,തോമാസ് കെ.ജി.,ജോബി സി.വി.എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.സഭയിലെ ധാരാളം വൈദികരും വിശ്വാസികളും ചടങ്ങിൽ പങ്കെടുത്തു.

# മിന്നൽ കോമ്പിംഗ് ഓപ്പറേഷൻ: തീരക്കടലിൽ അനധികൃത മത്സ്യബന്ധനം നടത്തിയ ബോട്ട് പിടിച്ചെടുത്തു

തൃശൂർ: കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം ലംഘിച്ച് തീരത്തോടുചേർന്ന് കണ്ണി വലുപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ച് അനധികൃത മത്സ്യബന്ധനം നടത്തിയ ബോട്ട് ഫിഷറീസ് മറൈൻ എൻഫോഴ്സ്മെന്റ് സംഘം പിടികൂടി. തീരക്കടലിലും അഴിമുഖങ്ങളിലും വിവിധ ഹാർബറുകളിലും ഫിഷ് ലാന്റിങ് സെന്ററുകളിലും അഴീക്കോട് ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ കെ.പി ഗ്രേസ്സിയുടെ നേതൃത്വത്തിൽ നടത്തിയ പ്രത്യേക മിന്നൽ കോമ്പിങ്ങ് ഓപ്പറേഷന്റെ ഭാഗമായാണ് മലപ്പുറം ജില്ലയിലെ പൊന്നാനി അഴീക്കൽ സ്വദേശി കോയാലിക്കാനകത്ത് വീട്ടിൽ നൈനാർ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഇസാത്ത് രണ്ട് എന്ന ബോട്ട് പിടിച്ചെടുത്തത്. ബോട്ടിലുണ്ടായിരുന്ന മത്സ്യം അഴിക്കോട് ഫിഷ് ലാന്റിങ്ങ് സെന്ററിൽ പരസ്യ ലേലം ചെയ്ത് ലഭിച്ച 8,500 രൂപ സർക്കാരിലേക്ക് കണ്ടുകെട്ടുകയും 90,000 രൂപ പിഴ ഈടാക്കുകയും ചെയ്തു.

കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം ലംഘിച്ച് തീരത്തോട് ചേർന്ന് രാത്രികാല കരവലി മീൻപിടിത്തം നടത്തിയതിനും കണ്ണി വലിപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ചതിനും ട്രോളറുകൾക്ക് നിരോധനമുള്ള 20 മീറ്ററിൽ കുറഞ്ഞ ആഴമുള്ള ഭാഗങ്ങളിൽ മീൻപിടിത്തം നടത്തിയതിനുമാണ് പിഴ ചുമത്തിയത്. കരവലി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരോധിച്ച മത്സ്യബന്ധന രീതിയാണ്. തീരക്കടലിൽ നിന്നും കൂട്ടത്തോടെ മത്സ്യങ്ങളെ കോരിയെടുത്ത് മത്സ്യബന്ധനം നടത്തുന്ന രീതി മത്സ്യസമ്പത്ത് കുറയാനിടയാക്കുകയും ഇതിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത കുറയാൻ ഇടവരികയും ചെയ്യും.

മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് വിജിലൻസി വിഭാഗം ഓഫീസർമാരായ വി.എൻ പ്രശാന്ത്കുമാർ, വി.എം ഷൈബു, ഇ.ആർ ഷിനിൽകുമാർ, റെസ്ക്യൂ ഗാർഡുമാരായ ഹുസൈൻ വടക്കനോളി, വിജീഷ്, സിജീഷ് എന്നിവർ അടങ്ങിയ പ്രത്യേക അന്വേഷണ സംഘമാണ് ബോട്ടുകൾ പിടികൂടിയത്. വരും ദിവസങ്ങളിൽ തീരക്കടലിലും ഹാർബറുകളിലും രാത്രിയും പകലും പ്രത്യേക സംഘത്തിന്റെ പരിശോധന ശക്തമാക്കുമെന്നും അനധികൃത മത്സ്യ ബന്ധനം നടത്തുന്ന യാനങ്ങൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമെന്നും ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. സിസീമ അറിയിച്ചു.

## എം.പി.കെ.ബി.വൈ ഏജൻസി പ്രവർത്തനം അവസാനിപ്പിച്ചു

തൃശൂർ: ജില്ലാ കളക്ടർ നിയമിച്ച് പോട്ട പോസ്റ്റ് ഓഫീസിനു കീഴിൽ ചെയ്ത് പ്രവർത്തിച്ചിരുന്ന എം.പി.കെ.ബി.വൈ ഏജന്റായ ഷൈനി പൌലോസ് (സി.എ നം.37/ങജഅ/ ഉഇ/98) വല്ലൂരാൻ ഹൗസ്, കൊരട്ടി ഈസ്റ്റ് പി.ഒ, തിരുമുടിക്കുന്ന് എന്നയാൾ ഏജൻസി പ്രവർത്തനം അവസാനിപ്പിച്ചു. ഏജൻസി റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ 2025 ജൂലൈ 16ന് സമർപ്പിച്ചിരുന്നു. ഏജൻസിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിക്ഷേപകർക്ക് പരാതികൾ ഉണ്ടെങ്കിൽ 30 ദിവസത്തിനുള്ളിൽ അയ്യന്തോളിൽ പ്രവർത്തിക്കുന്ന ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫിസിൽ രേഖാമൂലം പരാതി നൽകാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0487 23615

# 'സൗഹൃദം പൂത്ത വഴിത്താരകൾ' നാലാം ഭാഗം ഇ പി പ്രകാശനം ചെയ്തു

തൃശൂർ: സീനിയർ മാധ്യമ പ്രവർത്തകൻ വി എം രാധാകൃഷ്ണൻ എഴുതിയ സൗഹൃദം പൂത്ത വഴിത്താരകൾ നാലാം ഭാഗം പ്രകാശനം ചെയ്തു. സാഹിത്യ അക്കാദമി ഹാളിൽ നടന്ന ചടങ്ങിൽ സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗവും ദേശാഭിമാനി മുൻ ജനറൽ മാനേജരുമായ ഇ പി ജയരാജൻ ഉദ്ഘാടനം ചെയ്തു. ചരിത്രവും സാംസ്കാരികവുമായ ചിന്തകൾ പങ്കുവയ്ക്കുന്ന പുസ്തകമാണിനെതന്ന് അദ്ദേഹം പറഞ്ഞു. പലസ്തീന് വേണ്ടിയാണ് പുസ്തകം സമർപ്പിക്കുന്നത്. എന്നാലിപ്പോൾ വെനിസ്വലയുടെ പ്രസിഡന്റിനെ അമേരിക്ക തട്ടിക്കൊണ്ടുപോയി. ബലം പ്രയോഗിച്ച് ഗ്രീൻലൻഡിനെ സ്വന്തമാക്കുമെന്ന് ട്രംപ് പ്രഖ്യാപിക്കുന്നു. ഈ ഘട്ടത്തിൽ അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ ഒന്നിച്ചണിനിരക്കേണ്ട കാലമാണെന്നും ഇ പി ജയരാജൻ പറഞ്ഞു.

സിപിഐ ജില്ലാ സെക്രട്ടറി കെ ജി ശിവാനന്ദൻ പുസ്തകം ഏറ്റുവാങ്ങി. സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗം എം എം വർഗീസ് അധ്യക്ഷനായി. റവന്യൂ മന്ത്രി കെ രാജൻ, കൽദായ സഭ ആർച്ച് ബിഷപ് ഡോ.മാർ ഓഗിൻ കുര്യാക്കോസ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ, ഫാ. റെന്നി മുണ്ടൻകുര്യൻ, സി എം ഐ മുൻ പ്രൊവിൻഷ്യാൾ ഫാ.വാൾട്ടർ തേലപ്പിള്ളി, നടൻ ജയരാജ് വാര്യർ, ദേശാഭിമാനി മുൻ മാനേജർ, യു പി ജോസഫ്, കേരള കോൺഗ്രസ് (എം) ജില്ലാ പ്രസിഡന്റ് ഉണ്ണികൃഷ്ണൻ ഈച്ചരത്ത്, എൻസിപി നേതാവ് അഡ്വ. രഘു കെ മാരാത്ത്, എസ് ജെ യു സംസ്ഥാന ജന. സെക്രട്ടറി വി ആർ രാജ്മോഹൻ, ബിജെപി നേതാവ് എം എസ് സമ്പൂർണ, ഗ്രന്ഥകാരൻ വി എം രാധാകൃഷ്ണൻ, ലീഗ് നേതാവ് കരീം പന്നിത്തടം, ബാബു വെളപ്പായ എന്നിവർ സംസാരിച്ചു. എക്സ്പ്രസ് പത്രാധിപർ ഡേവിഡ് കണ്ണനായ്ക്കൽ, ജില്ലാ സഹ. ആ ശുപത്രി പ്രസിഡന്റ് ടി കെ പൊറിഞ്ചു, കോൺഗ്രസ് നേതാവ് സി എൻ ഗോവിന്ദൻകുട്ടി, റിട്ട. എസ് പി വി വി ശശികുമാർ, റിട്ട. എസിപി ടി കെ തോമസ്, എൻ ശ്രീകുമാർ, എസ് ജെ എഫ് നേതാക്കളായ ബാലകൃഷ്ണൻ കുന്നമ്പത്ത്, മോഹൻദാസ് പാറപ്പുറത്ത്, സണ്ണി ടോംസ് (മുംബൈ) തുടങ്ങിയവർ സംബന്ധിച്ചു. 380 പേജുള്ള പുസ്തകത്തിൽ ഇ എം എസ് മുതൽ രാഷ്ട്രീയ സാമൂഹ്യ, സാംസ്കാരിക, സാമുദായിക നേതാക്കളുടെ വിവരങ്ങൾ അടങ്ങിയിരിക്കുന്നു. ഫോട്ടോ സെഷനും സ്റ്റുഡന്റ്സ് കോർണറും ഏറെ ശ്രദ്ധേയമാണ്.



## പ്രവാസി കമ്മീഷൻ അദാലത്ത്

തൃശൂർ: പ്രവാസി മലയാളികളുടെ പരാതികൾക്കും ആവശ്യങ്ങൾക്കും പരിഹാരം കാണുന്നതിനായി സംസ്ഥാന പ്രവാസി കമ്മീഷന്റെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിച്ചു. പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ് അദാലത്തിന് നേതൃത്വം നൽകി. കളക്ടറേറ്റ് അനക്സ് കോൺഫറൻസ് ഹാളിൽ നടന്ന അദാലത്തിൽ 116 ഫയലുകൾ പരിഗണിച്ചു. 50 ഓളം പുതിയ പരാതികൾ ലഭിച്ചു. പ്രവാസി കമ്മീഷൻ സെക്രട്ടറി ആർ ജയറാം കുമാർ, പ്രവാസി കമ്മീഷൻ അംഗങ്ങളായ പി എം ജാബിർ, ഡോ. മാത്യൂസ് കെ ലൂക്കോസ്, എം എം നഈം, ജോസഫ് ദേവസ്യ പൊന്മാങ്കൽ, തുടങ്ങിയവർ പങ്കെടുത്തു.

## ആനിമേറ്റർ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു

തൃശൂർ: കുടുംബശ്രീയുടെ കീഴിൽ കാടർ പ്രത്യേക പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഉന്നതിയിൽ ഏകോപിപ്പിക്കുന്നതിന് ആനിമേറ്ററുടെ നിലവിലുള്ള ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. 18 നും 45 നും ഇടയിൽ പ്രായമുള്ള കാടർ വിഭാഗത്തിൽ പെടുന്ന എസ്.എസ്.എൽ.സി യോഗതയുള്ളവർക്ക് അപേക്ഷിക്കാം. കുടുംബശ്രീ അംഗം ഓക്സിലറി അംഗം എന്നിവർക്കും മുൻഗണന ഉണ്ടായിരിക്കും. അപേക്ഷകർ വെള്ള ക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയും യോഗ്യത തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും സഹിതം അയ്യന്തോൾ കലക്ടറേറ്റ്, സിവിൽ സ്റ്റേഷനിൽ രണ്ടാം നിലയിലുള്ള ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കുടുംബശ്രീയുടെ ഓഫീസിൽ ജനുവരി 21 ബുധനാഴ്ച്ച വൈകീട്ട് 5.15 നകം നേരിട്ടോ തപാൽ മുഖേനയോ എത്തിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0487 2362517.

# ചിറ്റഞ്ഞൂർ കാവിലക്കാട് ശ്രീ ദുർഗ്ഗാ ദേവി ക്ഷേത്ര ഉത്സവം; വെടിക്കെട്ട് പൊതുപ്രദർശനത്തിന് അനുമതിയില്ല

കുന്നംകുളം: ചിറ്റഞ്ഞൂർ കാവിലക്കാട് ശ്രീ ദുർഗ്ഗാദേവി ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് വെടിക്കെട്ട് പൊതുപ്രദർശനത്തിന് അനുമതി നിരസിച്ചുകൊണ്ട് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഉത്തരവിട്ടു. എക്സ്പ്ലോസീവ് ആക്ട് 1884 ലെ 6ര (1)(C) ആക്ട് പ്രകാരമാണ് ഉത്തരവ്.

ജനുവരി 30 ന് വെടിക്കെട്ട് പൊതുദർശനം നടത്താൻ അനുവദിക്കണമെന്നായിരുന്നു അപേക്ഷ. പോലീസ്, ഫയർ, റവന്യു വകുപ്പുകളുടെ അന്വേഷണ റിപ്പോർട്ടുകളുടെയും സ്ഫോടക വസ്തു ചട്ടഭേദഗതിയിലെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്ഥലത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും അപകടമില്ലാത്ത വിധം വെടിക്കെട്ട് പ്രദർശനം നടത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളില്ലാത്തതിന്റെ പശ്ചാത്തലത്തിലാണ് അനുമതി നിഷേധിച്ചത്. പൊതുജന സുരക്ഷ മുൻനിർത്തി വെടിക്കെട്ട് അനുവദിക്കേണ്ടതില്ലെന്ന് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മുൻവർഷങ്ങളിൽ തൃശ്ശൂർ ജില്ലയിലും സമീപ ജില്ലകളിലുമുണ്ടായ വെടിക്കെട്ടപകടങ്ങളുടെ പശ്ചാത്തലത്തിൽ നടത്തിയ വിശകലനത്തിൽ വെടിക്കെട്ട് പ്രദർശനത്തിന് ലൈസൻസ് അനുവദിക്കുന്നത് പൊതുജനങ്ങളുടെ ജീവനും സ്വത്തിനും വൻഭീഷണിയാണെന്ന് ബോധ്യമായെന്നും ഉത്തരവിൽ ചൂണ്ടിക്കാട്ടുന്നു. ജില്ലാ പോലീസ് മേധാവി (സിറ്റി), ജില്ലാ ഫയർ ഓഫീസർ എന്നിവർ വെടിക്കെട്ടിന് അനുമതി നൽകരുതെന്ന് റിപ്പോർട്ടും നൽകിയിരുന്നു.

## എയ്ഡഡ് സ്കൂൾ : അധ്യാപക- അനധ്യാപക നിയമനങ്ങൾ ഉടൻ അംഗീകരിക്കണം - കെ. പി. എസ്. എം.എ.

തൃശൂർ: ജില്ലയിൽ എയ്ഡഡ് സ്കൂളുകളിൽ 650-ാളം അധ്യാപക-അനധ്യാപക നിയമനങ്ങൾ ഭിന്നശേഷി സംവരണം, അധിക ഡിവിഷൻ, യു. ഐ.ഡി. എന്നീ പ്രശ്നങ്ങളാൽ അംഗീകരിക്കപ്പെടാതിരിക്കുകയാണ്. നിയമനം ഉടൻ അംഗീകരിക്കണമെന്നും അല്ലെങ്കിൽ പ്രതിഷേധ സമരപരിപാടികളുമായി മുന്നോട്ട് പോകുമെന്നും കേരള പ്രൈവറ്റ് എയ്ഡഡ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ ജില്ല സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു.

എലൈറ്റ് ഇന്റർനാഷണൽ ഹോട്ടലിൽ ചേർന്ന ജില്ല സമ്മേളനം അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി മണി കൊല്ലം ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡണ്ട് എം.ശശികുമാർ അധ്യക്ഷത വഹിച്ചു. ജില്ല സെക്രട്ടറി കെ. പ്രധാൻ, കെ.വി. സദാനന്ദൻ, എ.എസ്. വിമലാനന്ദൻ, എ.സി. സുരേഷ്, ഗുലാബ് ഖാൻ എന്നിവർ പ്രസംഗിച്ചു.

## ഇ-ടെണ്ടർ ക്ഷണിച്ചു

കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് സീഡ് അതോറിറ്റി 2025-26 വർഷത്തേക്ക് നെൽവിത്ത് വിതരണം ചെയ്യുന്നതിന് ലോറികൾ വാടകയ്ക്ക് ലഭിക്കുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചു. ജനുവരി 16 വൈകിട്ട് നാലുമണി വരെ ടെണ്ടറുകൾ സ്വീകരിക്കും. വിശദ വിവരങ്ങൾക്ക് www.etenders.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# സംസ്ഥാന സ്കൂൾ കലോത്സവം: വിദ്യാർത്ഥികൾക്ക് റെയിൽവേ സ്റ്റേഷനിൽ ഊഷ്മള സ്വീകരണം നൽകി

തൃശൂർ: സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാനെത്തിയ വിദ്യാർത്ഥികളുടെ ആദ്യ സംഘത്തിന് തൃശൂർ റെയിൽവേ സ്റ്റേഷനിൽ ഊഷ്മള സ്വീകരണം. പൊതു വിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, റവന്യൂ, ഭവന നിർമാണ വകുപ്പ് മന്ത്രി കെ. രാജൻ, പി ബാലചന്ദ്രൻ എം എൽ എ, മേയർ നിജി ജസ്റ്റിൻ, ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ. ഉമേഷ്, ജില്ല വിദ്യാഭ്യാസ ഉപ ഡയറക്ടർ പി.എം ബാലകൃഷ്ണൻ, ജനപ്രതിനിധികൾ, എന്നിവർ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു.

തിരുവനന്തപുരം ആറ്റിങ്ങൽ കെ ടി സി ടി എച്ച് എസ് എസിലെ വിദ്യാർത്ഥികളാണ് ജില്ലയിൽ ആദ്യം എത്തിയത്. പുലിക്കളി, മുത്തുകുട, വാദ്യഘോഷങ്ങളുടെ അകമ്പടിയോടെയായിരുന്നു കലാപ്രതിഭകൾക്ക് സ്വീകരണം ഒരുക്കിയത്. കലോത്സവ നഗരിയിൽ വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസവും ഉത്സാഹവും പകരുന്ന ചടങ്ങായിരുന്നു ഇത്. വിദ്യാർത്ഥികളെ അക്കോമഡേഷൻ സെന്ററിലേക്ക് കൊണ്ടുപോകുന്നതിനുള്ള വാഹനം മന്ത്രി വി. ശിവൻകുട്ടി ഫ്ലാഗ് ഓഫ് നിർവഹിച്ചു. ലൂർദ് സെന്റ് മേരീസ് സ്കൂളിൽ പ്രവർത്തിക്കുന്ന അക്കോമഡേഷൻ സെന്ററിൽ എത്തിയ കലാപ്രതിഭകളെ ജില്ലാ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ, മേയർ നിജി ജസ്റ്റിൻ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ. ഉമേഷ്, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ പി എം ബാലകൃഷ്ണൻ എന്നിവർ ചേർന്ന് മധുരം നൽകി സ്വീകരിച്ചു.



പൂച്ചട്ടി മാർ പത്രോസ് ശ്ലീഹ പള്ളിയുടെ തിരുനാളിന് വികാരി ഫാദർ ജോസ് ജേക്കബ് വേങ്ങാശ്ശേരി കൊടികയറ്റുന്നു. ജനുവരി 16,17,18 തിയ്യതികളിൽ ആണ് തിരുനാൾ

## NOTIFICATION

I, **NAJULA BAPPU,** D/o.Bappu K M, Vayappat(H), Punnayoor P O, Thrissur Dt, PIN 679562 hereby inviting to the notice of the Public that my B.Com Finance Exam Consolidated Grade Card of April 2021 with Reg.Nos: VCASBS0019 of University of Calicut has been irreco-verably lost during a travel and as such I intend to apply for the duplicate of B.Com Finance Exam consolidated Grade Card. If anybody happens to get the original may kindly send the same or intimate the undersigned of the University.

Certified that the aforesaid facts are absolutely true.

(Sd/-)
**NAJULA BAPPU**
Place : **Punnayoor**
Date : 14-01-2026

# കേരള അഡ്വക്കേറ്റ് ക്ലർക്ക്സ് അസോസിയേഷൻ ഇരിങ്ങാലക്കുട യൂണിറ്റ് സ്പെഷ്യൽ കൺവെൻഷൻ




ഇരിങ്ങാലക്കുട: കേരള അഡ്വക്കേറ്റ് ക്ലർക്ക്സ് അസോസിയേഷൻ ഇരിങ്ങാലക്കുട യൂണിറ്റ് സ്പെഷ്യൽ കൺവെൻഷൻ ഇരിങ്ങാലക്കുട പ്രിയ ഓഡിറ്റോറിയത്തിൽ വെച്ച് കെ എ സി എ സംസ്ഥാന ജനറൽ സെക്രട്ടറി വി കെ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് സുധ മുരളി അദ്ധ്യക്ഷത വഹിച്ചു. അസോസിയേഷൻ സംസ്ഥാന സെക്രട്ടറി പി വി സന്തോഷ് മുഖ്യ പ്രഭാഷണവും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ എ വി ഷിബു, ഉഷ ജോർജ്ജ്, കെ എ സി എ ജില്ലാ പ്രസിഡണ്ട് ടി. എൻ. രവിന്ദ്രൻ, കെ എ സി എ ജില്ലാ സെക്രട്ടറി വി.വിശ്വനാഥൻ എന്നിവർ ആശംസകൾ അർപ്പിച്ചുസംസാരിച്ചു.

യൂണിറ്റ് സെക്രട്ടറി എം പി പ്രബീൻ സ്വാഗതവും യൂണിറ്റ് ട്രഷറർ സണ്ണി ജോൺ നന്ദിയും പ്രകാശിപ്പിച്ചു. ചടങ്ങിൽ കെ എ സി എ സംസ്ഥാന ജനറൽ സെക്രട്ടറി വി കെ രാജേന്ദ്രൻ അനുമോദിച്ചു.

ജില്ലയിലെ സംസ്ഥാന, ജില്ലാ കൗൺസിൽ അംഗങ്ങളും തൃശൂർ, ചാവക്കാട്, കുന്നംകുളം, വടക്കാഞ്ചേരി, ചാലക്കുടി, കൊടുങ്ങല്ലൂർ യൂണിറ്റിലെ ഭരണ സമിതി അംഗങ്ങളും, ചാലക്കുടി, കൊടുങ്ങലൂർ യൂണിറ്റിലെ അംഗങ്ങളും പങ്കെടുത്തു.

# സ്വർണക്കപ്പ് ഘോഷയാത്രക്ക് കലാ നഗരിയിൽ ആവേശ സ്വീകരണം

തൃശൂർ: സംസ്ഥാന സ്കൂൾ കലോത്സവ വിജയികൾക്ക് സമ്മാനിക്കുന്ന സ്വർണകപ്പ് തൃശൂർ ജില്ലയിലെ വിവിധ സ്കൂളിൽ നിന്നും സ്വീകരണങ്ങൾ ഏറ്റുവാങ്ങി കലാ നഗരിയിലെത്തി. ജില്ലയിലെ 14 സ്വീകരണ കേന്ദ്രങ്ങൾ പിന്നിട്ട് തൃശൂർ സി എം എസ് സ്കൂളിൽ സ്വർണകപ്പ് ഘോഷയാത്ര സമാപിച്ചു.

ജനുവരി 12,13 തീയതികളിലായി സംഘടിപ്പിച്ച സ്വർണക്കപ്പ് ഘോഷയാത്ര രണ്ടാം ദിനം വടക്കാഞ്ചേരി ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും പര്യടനം ആരംഭിച്ചു. ഒല്ലൂർ സെന്റ് മേരിസ് സി ജി എച്ച് എസ് സ്കൂളിലെ ഘോഷയാത്ര സ്വീകരണം റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്തു. പുതുക്കാട് സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂൾ, ഇരിങ്ങാലക്കുട എൽ എഫ് സി എച്ച് എസ് തുടങ്ങിയ സ്കൂളുകളിൽ സ്വർണ്ണ കപ്പിന് സ്വീകരണം ഒരുക്കിയിരുന്നു.

വടക്കാഞ്ചേരിയിൽ സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎയും, പുതുക്കാട് കെ കെ രാമചന്ദ്രൻ എംഎൽഎയും സ്വർണ്ണക്കപ്പ് സ്വീകരണത്തിന് നേതൃത്വം നൽകി.

# ഓൾ കേരള മണപ്പുറം സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പ്: പാല സെന്റ് തോമസ് കോളേജ് ചാമ്പ്യന്മാരായി



വലപ്പാട്: മൂന്നാമത് ഓൾ കേരള മണപ്പുറം സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പ് മണപ്പുറം സ്വിമ്മിംഗ് അക്കാദമി യിൽ വെച്ച് നടന്നു. മണപ്പുറം CEO ജോർജ് ദേദാസിന്റെ അധ്യക്ഷതയിൽ നടന്ന ഉത്ഘടന ചടങ്ങിൽ മണപ്പുറം ഫൗണ്ടേഷൻ മാനേജിങ് ട്രസ്റ്റി വി. പി. നന്ദകുമാർ സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പ് ഉൽഘാടനം ചെയ്തു. പരിപാടിയിൽ മുഖ്യ അതിഥികളായി എടതിരുത്തി പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ്, വലപ്പാട് പഞ്ചായത്ത് പ്രസിഡന്റ് മോഹനൻ മാസ്റ്റർ, നാട്ടിക പഞ്ചായത്ത് പ്രസിഡന്റ് വിനു പി, എടതിരുത്തി പഞ്ചായത്ത് വാർഡ് മെമ്പർ ഷിനിത, അക്വാട്ടിക് അസോസിയേഷൻ സെക്രട്ടറി രാജീവ് വി. എസ് എന്നിവർ പങ്കെടുത്തു. മത്സരത്തിൽ ഓവർ ഓൾ ചാമ്പ്യൻമാരായ സെന്റ് തോമസ് കോളേജ് പാലാക്ക് ട്രോഫിയും 10000 രൂപ ക്യാഷ് പ്രൈസും, ഫസ്റ്റ് റണ്ണർ അപ്പ് ചാമ്പ്യൻ മാരായ മണപ്പുറം സ്വിമ്മിംഗ് അക്കാദമിക്ക് ട്രോഫിയും 6000 രൂപ ക്യാഷ് പ്രൈസും, സെക്കന്റ് റണ്ണർ അപ്പ് ചാമ്പ്യൻമാരായ എം. ജി. എം മോഡൽ സ്കൂൾ തിരുവനന്തപുരത്തിന് ട്രോഫിയും 4000 രൂപ ക്യാഷ് പ്രൈസും ലഭിച്ചു.

മണപ്പുറം ഫിറ്റ്നെസ് ബിസിനസ് ഹെഡ് പ്രദീപ് കുമാർ ഡി സമ്മാനദാനം നടത്തി. അനുപ സി സ്വാഗതവും, ശാന്തിമോൾ കെ എസ് നന്ദി യും പറഞ്ഞു.

# അഴിക്കോട് അന്തർദേശീയ ഹാർമണി ഫെസ്റ്റിവൽ ജനുവരി 16,17,18 തീയ്യതികളിൽ

തൃശ്ശൂർ: അഴിക്കോട് മാർത്തോമ തീർത്ഥകേന്ദ്ര അങ്കണത്തിൽ നടത്തുന്ന 12-ാം മത് ഹാർമണി ഫെസ്റ്റിവൽ അന്തർദേശീയ സംഗീത നൃത്ത മത സൗഹാർദ കലോത്സവം ജനുവരി 16, 17, 18 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ വിവിധ പരിപാടികളോടെ ആരംഭിക്കും.

1-ാം ദിവസം വെള്ളിയാഴ്ച രാവിലെ 9.30 മുതൽ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെയും കലാകാരന്മാരുടെയും സംഗീതാർച്ചനയും സംഗീത കച്ചേരികളും നടത്തും. വൈകീട്ട് 6.30 ന് നടക്കുന്ന ഉദ്ഘാടന സമ്മേളനം റിട്ട. ജസ്റ്റീസ് ബി. കമാൽപാഷ ഉദ്ഘാടനം ചെയ്യുന്നതാണ്. ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ അദ്ധ്യക്ഷത വഹിക്കും. സൗത്ത് ഇന്ത്യൻ ബാങ്ക് സി.ഒ.ഒ ആന്റോ ജോർജ്ജ്, നൗഷാദ് കറുകപ്പാടത്ത്, പ്രസീന്ന റാഫി, ഫാ. ഡേവി കാവുങ്ങൽ സിഎംഐ എന്നിവർ ആശംസകൾ നേരുന്നതാണ്. തുടർന്ന് സമീപ പ്രദേശങ്ങളിലെ കലാകാരന്മാർ ഒരുക്കുന്ന വിവിധ കലാപരിപാടികൾ ഉണ്ടായിരിക്കും.

2-ാം ദിവസം ശനിയാഴ്ച രാവിലെ 11.30 മുതൽ ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കലാകാരന്മാരുടെ നൃത്താർച്ചനയുടെ ഭാഗമായി വിവിധ നൃത്തപരിപാടികളും വൈകീട്ട് 5.30 ന് പരിസര പ്രദേശത്തെ കലാസംഘടനകളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. 6.30 ന് നടക്കുന്ന മതസൗഹാർദ്ദ സമ്മേളനം മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.കെ രമേഷ് ബാബു ഉദ്ഘാടനം ചെയ്യുന്നതാണ്. സ്വാമി ബ്രഹ്മ സ്വരൂപാനന്ദ തീർത്ഥ, കെ. റിയാസ് മൗലവി അൽഹസനി, ഫാ. ദേവസ്സി പന്തല്ലൂക്കാരൻ എന്നിവർ സംസാരിക്കും. 7.30 മുതൽ മണിപ്പൂരി നൃത്തം, പഞ്ചാബി ഡാൻസ്, മണിപ്പൂരി ബാംബൂ ഡാൻസ് നാടൻപാട്ട് എന്നിവ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ്, സെന്റ് ജോസഫ് കോളേജ് വിദ്യാർത്ഥികൾ അവതരിപ്പിക്കുന്നതാണ്.

3-ാം ദിവസം ഞായറാഴ്ച നടക്കുന്ന സമാപന സമ്മേളന ഉദ്ഘാടനവും പ്രശസ്ത ഗായകൻ കെ. ജി മാർക്കോസിന് ഹാർമണി അവാർഡ് (അമ്പതിനായിരം രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്) സമർപ്പണവും സംഗീത സംവിധായകൻ വിദ്യാധരൻ മാസ്റ്റർ നിർവഹിക്കുന്നതാണ്. ഇ.ടി. ടൈസൺ മാസ്റ്റർ എം. എൽ.എ അദ്ധ്യക്ഷത വഹിക്കും. സി.എം.ഐ ദേവമാത പ്രാവിൻഷ്യൽ ഫാ. ജോസ് നന്തിക്കര അനുഗ്രഹ പ്രഭാഷണം നടത്തുന്നതുമാണ്. കെ. പി. രാജൻ (ഏറിയാട് പഞ്ചായത്ത് പ്രസിഡന്റ്), ഷമീം കുഞ്ഞുമുഹമ്മദ് (മതിലകം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) എന്നിവർ ആശംസകൾ നേരും. കെ. ജി. മാർക്കോസ് മറുപടി പ്രസംഗം നടത്തും. തുടർന്ന് നടക്കുന്ന ഗാനമേളയ്ക്ക് കെ.ജി മാർക്കോസ്, വിദ്യാധരൻ മാസ്റ്റർ എന്നിവർ നേതൃത്വം നൽകും. റീന മുരളി, ഫാ. പോൾ പൂവ്വത്തിങ്കൽ, ഷാജു മംഗലൻ, രാജീവ് ചന്ദ്ര തുടങ്ങിയവർ ഗാനങ്ങൾ ആലപിക്കുന്നതും തൃശ്ശൂർ പോളിയുടെ നേതൃത്വത്തിൽ പശ്ചാത്തല സംഗീതം ഒരുക്കുന്നതുമാണ്.

പരിപാടികളുടെ നടത്തിപ്പിനായി ഫാ. സണ്ണി പുന്നോലിപറമ്പിൽ സിഎംഐ (ചെയർമാൻ), ഫാ. പോൾ പൂവ്വത്തിങ്കൽ (ചീഫ് കോ- ഓഡിനേറ്റർ), നൗഷദ് കൈതവളപ്പിൽ (പി ആർഒ) എന്നിവരടങ്ങുന്ന 101 അംഗ സംഘാടക സമിതി പ്രവർത്തിച്ചുവരുന്നുണ്ട്.

ഫാ. ഡോ. പോൾ പൂവ്വത്തിങ്കൽ സിഎംഐ, പ്രൊഫ. വി. എ. വർഗ്ഗീസ് (സബ്ബ് കമ്മിറ്റി കൺവീനർ), ബേബി മൂക്കൻ, ജോൺസൺ കാഞ്ഞിരത്തിങ്കൽ തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## അന്താരാഷ്ട്ര നാടകോത്സവം : യോഗം 15 ന്

തൃശൂർ: കേരള സംഗീത നാടക അക്കാദമി ജനുവരി 25 മുതൽ ഫെബുവരി ഒന്ന് വരെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നാടകോത്സവത്തിന്റെ സംഘാടക സമിതി രൂപീകരണ യോഗം ജനു. 15 ന് വൈകിട്ട് 5ന് അക്കാദമിയിൽ നടക്കും. ജില്ലാ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ സംഘാടക സമിതി രൂപീകരണ യോഗം ഉദ്ഘാടനം ചെയ്യും.

നാടകോത്സവത്തിന്റെ വിജയത്തിനായി ജില്ലയിലെ രാഷ്ട്രീയ- സാംസ്കാരിക -കലാപ്രവർത്തകർ സംഘാടക സമിതി യോഗത്തിൽ പങ്കെടുക്കണമെന്ന് അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി അഭ്യർത്ഥിച്ചു.

# ഡയാലിസിസ് മെഷീൻ മന്ത്രി കെ. രാജൻ സമർപ്പിച്ചു



തൃശ്ശൂർ: വൈ എം സി എയുടെ നേതൃത്വത്തിൽ തൃശ്ശൂർ ജനറൽ ആശുപതിക്ക് ഡയാലിസിസ് മെഷീൻ മന്ത്രി കെ. രാജൻ സമർപ്പിച്ചു.

തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ അധ്യക്ഷത വഹിച്ചു. ഡപ്യൂട്ടി മേയർ എ. പ്രസാദ് , ഇസാഫ് ഗ്രൂപ്പ് ഓഫ് കമ്പനീസ് സയറക്ടറും സെഡാർ റീറ്റെയ്ൽ എം. ഡി. യുമായ അലോക് പോൾ, ട്രഷറർ ഷാജി ചെറിയാൻ, പ്രസിഡന്റ് ജോജു മഞ്ഞില എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

## പ്രൊഫൈൽ ഗ്രീവൻസ് തിരുത്തലുകൾക്ക് അവസരം

തൃശ്ശൂർ: ഗവ. ഐ ടി ഐ ചാലക്കുടിയിൽ 2011 വർഷം മുതൽ അഡ്മിഷനായ ട്രെയിനികളുടെ പ്രൊഫൈൽ ഗ്രീവൻസ് സംബന്ധമായ തിരുത്തലുകൾ വരുത്തുന്നതിന് എസ് ഐ ഡി എച്ച് പോർട്ടലിൽ അവസരം. വിശദവിവരങ്ങൾക്ക് 0480- 2701491 എന്ന നമ്പറിലോ coe.itichalakudy@gmail.com എന്ന വിലാസത്തിലോ ബന്ധപ്പെടുക.

## വാർത്താച്ചുരുക്കം

* അഴീക്കോട് മാർത്തോമ തീർത്ഥ കേന്ദ്രത്തിൽ അന്തർദേശിയ ഹാർമണി ഫെസ്റ്റിവൽ 16, 17, 18 തീയതികളിൽ നടക്കും
* തൃശൂർ സെർവന്റ്സ് ഓഫ് ഗോഡ് 41-ാം വാർഷികം/ കൊണ്ടാടി. നവവത്സരാഘോഷവും ഉണ്ടായി. .
* എഴുത്തുകാരൻ പ്രതാപന്റെ 8-ാമത് ചലച്ചിത്രം മിസ്ട്രിയേറ്റ് - ചിത്രീകരണം പൂർത്തീകരിച്ചു.
* തൃശൂർ ഹാർമണി സ്ക്കൂൾ ഓഫ് മ്യൂസിക് 20-ാമത് സ്നേഹ സാന്ത്വന സംഗീത യാത്ര ഒരുക്കി
* മുതുവറ സി.എൻ. ബാലകൃഷ്ണനെ തുഞ്ചത്തെഴുത്തച്ഛൻ സമാധി സ്മാരക ഫൗണ്ടേഷൻ ആദരിച്ചു.
* കേരള മൺപാത്രനിർമാണ സമുദായ സഭ വിദ്യാഭ്യാസ അവാർഡ്ദാനം - 19-ാം ജില്ലാ കൗൺസിൽ സമ്മേളനവും പടിഞ്ഞാറെ കോട്ട എൻ.എസ്.എസ്. ഹാളിൽ നടന്നു


## കോടതി പരസ്യം

**ബഹു. തൃശൂർ കുടുംബ കോടതി മുമ്പാകെ**

OP: 134/2025

തൃശൂർ താലൂക്ക് ഒല്ലൂക്കര വില്ലേജ്, മുളയം ദേശത്ത്, കൊഴുക്കുള്ളി പി ഒ., വടക്കുംമുറി വീട്ടിൽ മമ്മദ് ഭാര്യ 38 വയസ് ഷൈനി വി ആർ @ മിന്ന ഫാത്തിമ

-ഹരജിക്കാരി

മമ്മദ്, 40 വയസ് S/o മുഹമ്മദ്, കാരകുളയൻ ഹൗസ്, പുൽവട്ട പി ഒ., ചുള്ളിയോട്, കരുവാരക്കുണ്ട് വില്ലേജ്, നിലമ്പൂർ താലൂക്ക്, മലപ്പുറം ജില്ല, പിൻ-676523

- എതൃകക്ഷി

മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുന്നതിനും പതിച്ചുനടത്തുന്നതിനും അനുവദിച്ച് **27-01-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കെറ്റ് മുഖേനയോ ഹാജരാകാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടി ഉത്തരവാകുന്നതാണ് എന്ന വിവരം ഇതിനാൽ അറിയിക്കുന്നു

എന്ന്, 5-1-2026

ഹരജിക്കാരിഭാഗം അഡ്വക്കേറ്റ്
**പ്രീതി ആർ നായർ** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശ്ശൂർ മുൻസിഫ് കോടതി മുമ്പാകെ**

ARC: 6994/2015
EP: 356/2022

നടത്തറ കർഷക സർവ്വീസ് സഹകരണ ബാങ്ക് ലിമി. വേണ്ടി സെക്രട്ടറി

-വിധി ഉടമസ്ഥൻ

തൃശൂർ താലൂക്ക് കൊഴുക്കുള്ളി വില്ലേജ് ദേശത്ത് കോച്ചേരി ആലുക്കൻ മകൻ വാസു

-വിധി കടക്കാരൻ

മേൽ നമ്പർ കേസിലെ വിധികടക്കാരനുള്ള റൂൾ 66 നോട്ടീസ് പതിച്ചു നടത്തുവാൻ കല്പിച്ച് മേൽനമ്പർ കേസ് **04-02-2026** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി തിയ്യതി നിങ്ങളോ നിങ്ങൾ ക്രമപ്രകാരം ഏർപ്പെടുത്തിയ അഡ്വക്കെറ്റോ ബഹു. കോടതി മുമ്പാകെ രാവിലെ 11 മണിക്ക് ഹാജരാകേണ്ടതാണെന്നും അല്ലാത്ത പക്ഷം ഹർജി നിങ്ങളെ കൂടാതെ തീർച്ച വിചാരണ ചെയ്യുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 08-01-2026

വിധി ഉടമഭാഗം അഡ്വക്കെറ്റ്സ്
**കെ.എസ്. രവിശങ്കർ & ശാരി ടി.എസ്** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ**

EP: 1351/2024
O.S. 334/2021

ശ്രീനാരായണ സമാജം
1 വിധിഉടമ /ഹർജിക്കാരൻ

1. കൊടുങ്ങല്ലൂർ താലൂക്ക്, പൊയ്യ വില്ലേജ് ടി ദേശത്ത്, ഏരുമ്മൽ രാഘവൻ മകൻ രാജൻ
2. കൊടുങ്ങല്ലൂർ താലൂക്ക്, പൊയ്യ വില്ലേജ്. ടി ദേശത്ത്, എരുമ്മൽ രാഘവൻ ദാര്യ, ദേവകി

-2,3 വിധികടക്കാർ/ എതൃകക്ഷികൾ

വിധിപ്രകാരമുള്ള സംഖ്യയ്ക്ക്, വിധിക്കടക്കാരൻ വക വസ്തുവഹകൾ ലേലത്തിൽ വിറ്റ് വിധിഉടമക്ക് കൈവശം കിട്ടുവാൻ ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ ഹർജി **14-01-2026** തിയ്യതിക്ക് വിചാരണക്ക് വച്ചിരിക്കുന്നു. ടി തിയ്യതി പകൽ 11 മണിക്ക് കോടതിയിൽ ഹാജരായി തർക്കം ബോധിപ്പിക്കാത്തപക്ഷം വിധിക്കടക്കാരനെ എക്സ്പാർട്ടിയാക്കി ഉത്തരവുണ്ടാകുമെന്ന് അറിയിക്കുന്നു.

എന്ന്, 12.01.2026

വിധിഉടമ ഭാഗം അഡ്വക്കെറ്റ്
**എം.ജി സതീഷ് പ്രഭു** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

EP: 10/2025

ചാവക്കാട് താലൂക്ക് തളിക്കുളം വില്ലേജ് കൊപ്രക്കളം ദേശത്ത് ഇടശ്ശേരി വീട്ടിൽ അബ്ദുൾസലീം ഭാര്യ 37 വയസ് ഹസീന

-വിധി ഉടമ

ചാവക്കാട് താലൂക്ക് തളിക്കുളം വില്ലേജ് കൊപ്രക്കളം ദേശത്ത് ഇടശ്ശേരി വീട്ടിൽ മുഹമ്മദ് മകൻ 54 വയസ് അബ്ദുൾസലീം

-1-ാം വിധി കടക്കാരൻ

മേൽ നമ്പറിൽ 1-ാം വിധി കടക്കാരനുള്ള നോട്ടീസ് പതിച്ച് നടത്തുവാൻ പത്രപരസ്യം കല്പിച്ച് കേസ് **29-01-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് നേരിട്ടോ, അഡ്വക്കെറ്റ് മുഖാന്തിരമോ ബഹു: കോടതിയിൽ ഹാജരാകേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന്, 13-1-2026.

വിധി ഉടമഭാഗം അഡ്വക്കെറ്റ്
**തരുണി എം യു.**
കുന്നംകുളം (ഒപ്പ്)





അന്തരിച്ച മുതിർന്ന കോൺഗ്രസ്സ് നേതാവും മുൻ ഡി സി സി അംഗവുമായിരുന്ന എൻ എൽ ജോൺസന്റെ നിര്യാണത്തിൽ നടന്ന സർവകക്ഷി അനുശോചന യോഗത്തിൽ മുൻ സർക്കാർ ചീഫ് വിപ് തോമസ് ഉണ്ണിയാടൻ പ്രസംഗിക്കുന്നു.

# 'എൻ എൽ ജോൺസൺ' സർവകക്ഷി അനുശോചന യോഗം നടത്തി

മുരിയാട്: കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മുതിർന്ന കോൺഗ്രസ്സ് നേതാവും മുൻ ഡി സി സി അംഗവുമായിരുന്ന എൻ എൽ ജോൺസന്റെ നിര്യാണത്തിൽ സർവകക്ഷി അനുശോചന യോഗം നടത്തി. മണ്ഡലം പ്രസിഡന്റ് സാജു പാറേക്കാടൻ അധ്യക്ഷത വഹിച്ചു.

മുൻ സർക്കാർ ചീഫ് വിപ് തോമസ് ഉണ്ണിയാടൻ, കോൺഗ്രസ് ബ്ളോക് പ്രസിഡന്റ് സോമൻ ചിറ്റേത്ത്, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളായ പി. ആർ. ബാലൻ, വി.പി. രവീന്ദ്രൻ. പി. ആർ. സുന്ദരൻ, എൻ.ഡി. പോൾ, ലത ചന്ദ്രൻ, കെ.എ മനോഹരൻ, തോമസ് തത്തംപിള്ളി, വി.കെ. മണി, ശ്രീജിത്ത് പട്ടത്ത് എന്നിവർ പ്രസംഗിച്ചു.

# യുവജനക്ഷേമ ദിനത്തിൽ നാടിന് കരുതലായി എൻ എസ് എസ് സന്നദ്ധ പ്രവർത്തകർ



നാട്ടിക: ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് നാട്ടിക ശ്രീനാരായണ കോളജിലെ നാഷണൽ സർവീസ് സ്കീം യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പ് ജീവനക്കാർക്ക് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം നടത്തി. കൂടാതെ ഓട്ടോറിക്ഷ തൊഴിലാളികൾക്ക് പ്രാഥമിക ശുശ്രൂഷയ്ക്ക് ആവശ്യമായ സാധനങ്ങൾ സൗജന്യമായി വിതരണം ചെയ്തു. നാട്ടിക ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സനും അഞ്ചാം വാർഡ് മെമ്പറുമായ സുബില പ്രസാദ് പരിപാടി ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർമാരായ ഡോ. ബി. ബബിത, പി എ വിഷ്ണു,നാഷണൽ സർവീസ് സ്കീം സന്നദ്ധപ്രവർത്തകരായ ബി എസ് ശാന്തിനി, എ എസ് ആദിത്യൻ, നസ്ല, അമയ എന്നിവർ സംസാരിച്ചു.

# ക്ഷേമ പെൻഷൻ: വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കൽ സമയം നീട്ടി

തൃശ്ശൂർ : സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുള്ള കാലാവധി ആറുമാസംകൂടി നീട്ടിയതായി ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ അറിയിച്ചു. ഈ കാലാവധിയ്ക്കുള്ളിൽ വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തവരുടെ പെൻഷൻ തടയരുതെന്നും വകുപ്പിന് നിർദ്ദേശം നൽകി.ക്ഷേമ പെൻഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ ഒരു തവണയെങ്കിലും വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലാത്തവർ അത് ഹാജരാക്കണമെന്ന് 2025 മെയ് മാസത്തിൽ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. 2025 ഡിസംബർ 31 വരെയാണ് സമയം നൽകിയിരുന്നത്. 62 ലക്ഷത്തിൽപരം വരുന്ന ക്ഷേമ പെൻഷൻ ഗുണഭോക്താക്കളിൽ 2.53 ലക്ഷം പേർ മാത്രമാണ് ഒരു തവണയെങ്കിലും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തത്. 2019 ഡിസംബർ 31 വരെ പെൻഷൻ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവരിലാണ് ഇത്രയും പേർ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ളത്. ഇവർക്ക് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാനുള്ള സമയമാണ് ആറുമാസം കൂടി നീട്ടിയത്. അക്ഷയ കേന്ദ്രങ്ങൾവഴി ജൂൺ 30 നകം വരുമാന സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യാനുള്ള സൗകര്യമുണ്ട്.

# മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം: വാഴച്ചാൽ വനം ഡിവിഷന് വാഹനങ്ങളും ഉപകരണങ്ങളും കൈമാറി

തൃശൂർ: മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബി.പി.സി.എൽ ) സി.എസ്.ആർ ഫണ്ട് വിനിയോഗിച്ച് വാഴച്ചാൽ വനം ഡിവിഷന് ലഭ്യമാക്കിയ വാഹനങ്ങളുടെ ഫ്ലാഗ് ഓഫും ഉപകരണങ്ങളുടെ വിതരണവും വനം, വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ നിർവഹിച്ചു. സനീഷ് കുമാർ ജോസഫ് എം.എൽ.എ അധ്യക്ഷത വഹിച്ചു.

പദ്ധതിയുടെ ഭാഗമായി നാല് വാഹനങ്ങൾ, എട്ട് കൂടുകൾ, വിനോദ സഞ്ചാരികൾക്ക് ബോധവത്ക്കരണം നൽകുന്നതിനായി തയ്യാറാക്കിയ 60 ബോർഡുകൾ എന്നിവ വനം വകുപ്പിന് കൈമാറി.

ജി ഡബ്ല്യു എൽ പി സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ചടങ്ങിൽ സെൻട്രൽ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആർ. ആടലരശൻ ഐ.എഫ്.എസ്, എ.പി.സി.സി.എഫ് (ഭരണം) ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ്, ബി.പി.സി.എൽ ജനറൽ മാനേജർ ജോർജ് തോമസ്, അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സതീഷ് കുമാർ, വാർഡ് അംഗങ്ങൾ, വാഴച്ചാൽ ഡി.എഫ്.ഒ ഐ.എസ്. സുരേഷ് ബാബു, പെരിയാർ ടൈഗർ റിസർവ് വൈൽഡ് ലൈഫ് വാർഡൻ ആർ. ലക്ഷ്മി തുടങ്ങിയവർ പങ്കെടുത്തു.

# ജനാധിപത്യത്തിന്റെ 4 തൂണുകളും ശോഷിച്ചുകൊണ്ടിരിക്കുന്നു: ജസ്റ്റിസ് കമാൽപാഷ




തൃശൂർ: ജനാധിപത്യത്തിന്റെ 4 തൂണുകളും ശോഷിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതെന്ന് റിട്ട. ഹൈക്കോടതി ജഡ്ജി കമാൽപാഷ പ്രസ്താവിച്ചു.

5 വർഷം കൂടുമ്പോൾ വോട്ട് ചെയ്യുന്നത് മാത്രമല്ല ജനാധിപത്യം. തിരഞ്ഞെടുപ്പിന് മുമ്പ് ലഭിക്കുന്ന വാഗ്ദാനങ്ങൾ മാത്രമാണ് വോട്ടർമാർക്ക് ബാക്കിയാകുന്നത്. ഭരണകൂടങ്ങൾ ജനങ്ങളെ സമൻമാരായി കാണുന്ന അവസ്ഥയിലേക്ക് എത്തുന്ന നാളിലേ നമ്മുടെ നാട് പുരോഗതി നേടുകയുള്ളൂ.

കേരള ഹൂമൻ ജസ്റ്റിസ് & ആന്റി കറപഷൻ സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ഭരണഘടന ജനാധിപത്യം ജൂഡിഷ്യറി എന്ന വിഷയത്തിൽ സംബന്ധിച്ച സംവാദം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സി ആർ നീലകണ്ഠൻ, രാഹുൽ ഈശ്വർ എന്നിവർപ്രസംഗിച്ചു. നരേന്ദ്രൻ ആട്ടോക്കാരൻ അധ്യക്ഷത വഹിച്ചു. അഡ്വ. മനോജ് ചിറ്റിലപ്പിള്ളി സ്വാഗതവും അഡ്വ.സൗമ്യ വി എം നന്ദിയും ശശി പുളിക്കൻ നിയമ ജീവകാരുണ്യ പ്രവർത്തന രേഖയും അവതരിപ്പിച്ചു.

# എ.ടി വർഗീസ് 9-ാം ചരമവാർഷിക ദിനം ആചരിച്ചു



ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുടയിലെ എ ഐ ടി യു സി - സി പി ഐ നേതാവായിരുന്ന എ.ടി വർഗീസ് 9-ാം ചരമവാർഷിക ദിനത്തിൽ സി പി ഐ ജില്ലാ സെക്രട്ടറി കെ.ജി ശിവനന്ദൻ അനുസ്മരണ നടത്തി. സി പി ഐ മണ്ഡലം സെക്രട്ടറി എൻ.കെ ഉദയപ്രകാശ് അധ്യക്ഷത വഹിച്ചു. സി പി ഐ ജില്ലാ എക്സിക്യൂട്ടീവ് അംഗം പി. മണി, എഐടിയുസി മണ്ഡലം സെക്രട്ടറി കെ.കെ ശിവൻ, സിപിഐ മണ്ഡലം സെക്രട്ടേറിയറ്റ് അംഗങ്ങളായ അനിത രാധാകൃഷ്ണൻ, കെ.എസ് പ്രസാദ്,എഐഎസ്എഫ് ജില്ലാ സെക്രട്ടറി മിഥുൻപോട്ടക്കാരൻ,ലോക്കൽ അസിസ്റ്റന്റ് സെക്രട്ടറി അഡ്വ: രാജേഷ് തമ്പാൻ, എഐടിയുസി നേതാക്കളായ വർദ്ധനൻ പുളിക്കൽ, കെ.സിമോഹൻലാൽ, ടി.പി ബാബു എന്നിവ സന്നിഹിതരായിരുന്നു.

# അനുസ്മരണ യോഗം

തൃശ്ശൂർ: മാധ്യമ മേഖലയിലും പത്രപ്രവർത്തക യൂണിയൻ പ്രവർത്തനരംഗത്തും ശ്രദ്ധേയരും അടുത്ത നാളിൽ നമ്മളിൽ നിന്ന് വേർപിരിഞ്ഞ മാധ്യമ സുഹൃത്തുക്കളുടെ ദേഹവിയോഗത്തിൽ ഫോറം തൃശ്ശൂർ ജില്ലാ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. ജില്ല പ്രസിഡണ്ട് ബാലകൃഷ്ണൻ കുന്നമ്പത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഫോറം അംഗങ്ങളായ പത്ര പ്രവർത്തക യൂണിയൻ മുൻ സംസ്ഥാന സെക്രട്ടറി എസ് ജയശങ്കർ, കേരളകൗമുദി മുൻ ബ്യൂറോ ചീഫ് സി.ജി സുനിൽകുമാർ, മാധ്യമപ്രവർത്തകരായിരുന്ന കെ. ഗോപകുമാർ (ചന്ദ്രിക), എൻ.പി.ജയൻ (ഇന്ത്യൻ എക്സ്പ്രസ്,മാധ്യമം തുടങ്ങിയ പത്രങ്ങൾ) ജയകുമാർ എന്നിവരുടെ വേർപാടിൽ യോഗം അനുശോചിച്ചു.

സംസ്ഥാന പ്രസിഡണ്ട് അലക്സാണ്ടർ സാം, സംസ്ഥാന സെക്രട്ടറിമാരായ ഫ്രാങ്കോ ലൂയിസ്, ഹസൻ കോയ, ജില്ലാ സെക്രട്ടറി ജോയ്.എം. മണ്ണൂർ, മുൻ സെക്രട്ടറി എൻ ശ്രീകുമാർ, ട്രഷറർ പി.ജെ കുര്യാച്ചൻ, വൈസ് പ്രസിഡണ്ട് ജോൺസൺ വി. ചിറയത്ത്, സംസ്ഥാന സമിതി അംഗം വി. സുരേന്ദ്രൻ, ജില്ല എക്സിക്യൂട്ടീവ് അംഗങ്ങളായ എം.ഡി വർഗീസ്, ടി.എ സാബു, സി.സി കുര്യൻ, രവീന്ദ്രൻ എക്സ്പ്രസ്, ഐ. ജോൺ എന്നിവർ സംസാരിച്ചു.

## ഓടിട്ട വീടിന് തീപിടിച്ചു

കുന്നംകുളം:അക്കികാവിൽ ഓടിട്ട വീടിന് തീപിടിച്ചു നാട്ടുകാരും കുന്നംകുളം ഫയർഫോഴ്സും ചേർന്ന് രക്ഷാപ്രവർത്തനം നടത്തി

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ജനപ്രതിനിധികൾക്ക് സ്നേഹാദരം നൽകി മണപ്പുറം ഫിനാൻസ്



വലപ്പാട്:ക്രിസ്മസ്-പുതുവൽസരാഘോഷങ്ങളുടെ ഭാഗമായി വലപ്പാട്- എടത്തിരുത്തി ഗ്രാമ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മണപ്പുറം ഫിനാൻസിന്റെ സ്നേഹാദരം. കമ്പനി ഹെഡ് ഓഫീസിൽ നടന്ന ചടങ്ങിൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി പി നന്ദകുമാർ ജനപ്രതിനിധികളെ ആദരിച്ചു. വലപ്പാട്, എടത്തുരുത്തി ഗ്രാമ പഞ്ചായത്തുകളുടെ വികസനത്തിനുള്ള മണപ്പുറം ഫിനാൻസിന്റെ പിന്തുണ ഭാവിയിലും തുടരുമെന്ന് മുഖ്യ പ്രഭാഷണം നടത്തിയ വിപി. നന്ദകുമാർ ഉറപ്പുനൽകി. നിർധനർക്ക് വീട് വച്ച് നൽകുന്നതടക്കമുള്ള വികസന പ്രവർത്തനങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

മണപ്പുറം ഫൗണ്ടേഷൻ സിഇഒ ജോർജ്ജ് ഡി ദാസിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വലപ്പാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മോഹനൻ മാഷ്, എടത്തിരുത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ്, വലപ്പാട് ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് ഷാനിത ലെനിൻ, എടത്തിരുത്തി ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് ടി കെ ചന്ദ്ര ബാബു എന്നിവർ സംസാരിച്ചു. മിഷാൽ കെ നസീം പ്രാർത്ഥന ചൊല്ലി. മണപ്പുറം ഫിനാൻസ് സീനിയർ പിആർഒ കെ എം അഷറഫ് സ്വാഗതവും ജനറൽ മാനേജരും ചീഫ് പിആർഒ യുമായ സനോജ് ഹെർബർട്ട് നന്ദിയും പറഞ്ഞു. കോർപറേറ്റ് കമ്മ്യൂണിക്കേഷൻ മേധാവി രാഹുൽ വിനായക് വാഡ് കെ ചടങ്ങ് നിയന്ത്രിച്ചു.

# സമ്മർദവുമായി സഭയും ലീഗും; മുന്നണിമാറ്റം കേരളാ കോൺഗ്രസിന് എളുപ്പമാകില്ല

കോട്ടയം: കേരളാ കോൺഗ്രസ്-എം എൽഡിഎഫ് വിടുമെന്ന ചർച്ചകൾ ഉയരുന്നുണ്ടെങ്കിലും മുന്നണിമാറ്റം അത്ര എളുപ്പമല്ല. യുഡിഎഫിൽ എത്തുമ്പോൾ മത്സരിക്കാൻ എത്ര സീറ്റ് കിട്ടുമെന്നതാണ് പ്രധാനപ്രശ്നം. എൽഡിഎഫിൽ കഴിഞ്ഞതവണ 12 സീറ്റിലാണ് പാർട്ടി മത്സരിച്ചത്. അത്രയും സീറ്റ് യുഡിഎഫിലും ഉറപ്പാക്കാൻ ജോസ് കെ. മാണിക്ക് കഴിയണം.

കോട്ടയം, പത്തനംതിട്ട, ഇടുക്കി ഉൾപ്പെട്ട പാർട്ടിയുടെ ശക്തി കേന്ദ്രങ്ങളിലാകും മാണി വിഭാഗത്തിന് താത്പര്യം. ഈ ജില്ലകളിൽ സീറ്റ് ഉറപ്പാക്കാൻ കോൺഗ്രസും കേരളാ കോൺഗ്രസ് ജോസഫ് വിഭാഗവും അവരുടെ സീറ്റുകളിൽ വിട്ടുവീഴ്ച ചെയ്യണം. അത് ആ പാർട്ടികളിൽ പ്രശ്നമുണ്ടാക്കും.

മാണി വിഭാഗത്തെ മുന്നണിയിലേക്ക് ആനയിക്കുന്നതിനെ ജോസഫ് വിഭാഗം അനുകൂലിക്കുന്നില്ല. മാണി വിഭാഗത്തെ തൃപ്തിപ്പെടുത്താൻ സ്വന്തം സീറ്റുകൾ വിട്ടുകൊടുക്കുന്നതിൽ അവർക്ക് എതിർപ്പുണ്ട്. കോൺഗ്രസിനും സീറ്റ്മോഹികളെ അനുനയിപ്പിക്കണം.

ജോസ് കെ. മാണി എവിടെ മത്സരിക്കുമെന്നതാണ് മറ്റൊരു പ്രശ്നം. പാലാ നിലവിൽ മാണി സി. കാപ്പന്റെ സിറ്റിങ് സീറ്റാണ്. പാലാ വിട്ടുകൊടുക്കില്ലെന്ന നിലപാട് കാപ്പൻ ആവർത്തിക്കുന്നുണ്ട്. കാപ്പനെ നിർബന്ധിച്ച് മാറ്റിയാൽ ജോസിന്റെ വിജയസാധ്യതയെ ബാധിക്കും. അല്ലെങ്കിൽ കാപ്പന് മറ്റൊരു ഉറച്ച സീറ്റ് നൽകേണ്ടിവരും.



കേരളയാത്ര നായകൻ കാന്തപുരം ഏ പി അബൂബക്കർ മുസ്ലികാർക്ക് കോട്ടയത്തെ സ്വീകരണ യോഗത്തിൽ മന്ത്രി വി.എൻ വാസവൻ ഉപഹാരം നൽകുന്നു

# കേരളയാത്രക്ക് കോട്ടയത്ത് വൻസ്വീകരണം

കോട്ടയം: ഇന്ത്യയുടെ ഭരണഘടന അനുസരിച്ച് ജീവിച്ചാൽ രാജ്യത്ത് ശാന്തിയും സമാധാനവും പുലരുമെന്ന് കേരള മുസ്ലിം ജമാഅത്ത് പ്രസിഡന്റ് എ.പി. അബൂബക്കർ മുസ്ലിയാർ. മനുഷ്യരെ തമ്മിൽ അകറ്റാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും അദ്ദേഹം പറഞ്ഞു. 'മനുഷ്യർക്കൊപ്പം' എന്ന തലക്കെട്ടിൽ മുസ് ലിം ജമാഅത്ത് സംഘടിപ്പിച്ച കേരള യാത്രക്ക് കോട്ടയം തിരുനക്കരയിൽ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

## വിങ്സ് ഓഫ് മൈൻഡ് ജില്ലാ സംഗമം ഗവർണർ ഉദ്ഘാടനം ചെയ്യും

ചാലക്കുടി:ആളൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഭിന്നശേഷി വ്യക്തികളുടെ അവകാശ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന വോയിസ് ഓഫ് ഡിസ് ഏബിൾഡ് സംഘടനയുടെ നേതൃത്വത്തിൽ വിങ്സ് ഓഫ് മൈൻഡ് ജില്ലാ സംഗമം ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ വൈകീട്ട് 3.00മണിക്ക്

# യുവതിയുമായി ഹോട്ടലിലെത്തിയെന്ന് സമ്മതിച്ച് രാഹുൽ

## രജിസ്റ്ററിൽ പേര്, എടുത്തത് 408–ാം നമ്പർമുറി

തിരുവല്ല: ലൈംഗികപീഡനക്കേസിൽ അറസ്റ്റിലായ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുമായി തിരുവല്ല ക്ലബ്ബ് 7 ഹോട്ടലിൽ തെളിവെടുപ്പ് പൂർത്തിയാക്കി പ്രത്യേക അന്വേഷണ സംഘം. രാഹുലിനെതിരായ മൂന്നാമത്തെ ബലാത്സംഗ പരാതിയിൽ യുവതി പറഞ്ഞിട്ടുള്ള ഹോട്ടലാണിത്. യുവതിയുമായി 2024 ഏപ്രിൽ 8ന് ഹോട്ടലിലെത്തിയെന്ന കാര്യം തെളിവെടുപ്പിനിടെ രാഹുൽ സമ്മതിക്കുകയും ചെയ്തു. 15 മിനിറ്റ് മാത്രമാണ് തെളിവെടുപ്പ് നീണ്ടത്.

ഹോട്ടൽ രജിസ്റ്ററിൽ രാഹുലിന്റെ പേര് കൊടുത്തിട്ടുള്ളത് എസ്ഐടി കണ്ടെത്തി. 408–ാം നമ്പർ മുറിയാണ് പരാതിക്കാരി രാഹുലിന്റെ നിർദേശം അനുസരിച്ച് ബുക്ക് ചെയ്തിരുന്നത്. ഈ മുറിയിലായിരുന്നു ഇന്ന് തെളിവെടുപ്പ്. പരാതിക്കാരിയുടെ പേരിലാണ് മുറി. രജിസ്റ്ററിൽ രാഹുൽ ബി.ആർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രാഹുലിന്റെ യഥാർഥ പേരിതാണ്. എന്നാൽ, സംഭവദിവസത്തെ സിസിടിവി ദൃശ്യങ്ങൾ പോലീസിന് കണ്ടെടുക്കാനായില്ല. അത്രയും നാൾ മുമ്പത്തെ ദൃശ്യങ്ങൾ സൂക്ഷിച്ചിട്ടില്ലായിരുന്നു. ദൃശ്യങ്ങൾ വീണ്ടെടുക്കുന്നതിനായി പോലീസ് ഹോട്ടലിൽ നിന്ന് സിസിടിവി ഹാർഡ് ഡിസ്ക് ശേഖരിച്ചിട്ടുണ്ട്.



15 മിനിറ്റ് നീണ്ട തെളിവെടുപ്പ് പൂർത്തിയാക്കി രാഹുലിനെ തിരികെ എ.ആർ ക്യാമ്പിലെത്തിച്ചു. 5.30-നാണ് രാഹുലുമായി പത്തനംതിട്ട എആർ ക്യാമ്പിൽ നിന്ന് എസ്ഐടി തെളിവെടുപ്പിനായി പുറപ്പെട്ടത്. 6.30-ഓടുകൂടി തെളിവെടുപ്പ് പൂർത്തിയാക്കി 7.30-ഓടെ ക്യാമ്പിൽ തിരികെ എത്തിച്ചു.

ക്ലബ്ബ് 7 ഹോട്ടലിലെ തെളിവെടുപ്പിനു ശേഷം രാഹുലിനെ അടൂരിലെ വീട്ടിലെത്തിച്ചും തെളിവെടുപ്പ് നടത്തുമെന്ന് നേരത്തേ റിപ്പോർട്ടുകളുണ്ടായിരുന്നെങ്കിലും തിരികെ പത്തനംതിട്ട എആർ ക്യാമ്പിൽ തന്നെ എത്തിക്കുകയായിരുന്നു. ഇവിടെ രാഹുലിനെ എസ്ഐടി കൂടുതൽ ചോദ്യം ചെയ്യും. തെളിവെടുപ്പിനു കൊണ്ടുവന്നപ്പോഴും രാഹുലിന്റെ മുഖത്ത് പുഞ്ചിരിയായിരുന്നു. തിരികെ പോലീസ് വാഹനത്തിൽ കയറ്റുമ്പോൾ മാധ്യമങ്ങൾ പ്രതികരണം ആരാഞ്ഞെങ്കിലും രാഹുൽ ഒരു വാക്കുപോലും പറയാൻ തയ്യാറായില്ല.

# കാർമൽ കോളേജ് (ഓട്ടോണമസ്), മാളയും അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തൃശ്ശൂരും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു

തൃശ്ശൂർ: കാർമൽ കോളേജ് (ഓട്ടോണമസ്) മാളയും, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് തൃശ്ശൂരും തമ്മിലുള്ള അക്കാദമിക്ഗവേഷണ സഹകരണം ശക്തിപ്പെടുത്തുന്നതിനായി കൈകോർത്തു പ്രവർത്തിക്കാൻ ധാരണയായി. ധാരണാപത്രം അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഡയറക്ടർ ഫാ ജൂലിയസ് അറക്കലും കാർമൽ കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ റിനി റാഫേലും തമ്മിൽ ധാരണപത്രം കൈമാറി.



ഗവേഷണ മേഖലയിൽ ഇരുസ്ഥാപനങ്ങൾക്കുമിടയിലെ സഹകരണ സാധ്യതകൾ വിശദീകരിച്ച് കാർമൽ കോളേജ് (ഓട്ടോണമസ്), മാളയുടെ ഡീൻ ഓഫ് റിസർച്ച് ഡോ. സിസ്റ്റർ സിഞ്ചുമോൾ തോമസ് പ്രത്യേക അവലോകനം നടത്തി. ഈ ധാരണാപത്രത്തിലൂടെ അക്കാദമിക് കൈമാറ്റം, സംയുക്ത ഗവേഷണ പ്രവർത്തനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ നടപ്പാക്കാൻ സാധിക്കുമെന്ന് വക്താക്കൾ അഭിപ്രായപ്പെട്ടു. കാർമൽ കോളേജ് ഐക്യുഎസി കോർഡിനേറ്റർ മിസ്. മേരി ഫിലിപ്പ്, അമല മെഡിക്കൽ കോളേജ് അസോസിയേറ്റ് ഡയറക്ടർ ഫാ. ഡോ. ആന്റണി മണ്ണുമ്മേൽ, പ്രിൻസിപ്പൽ ഡോ. ബെറ്റ്സി തോമസ്, വൈസ് പ്രിൻസിപ്പൽമാരായ ഡോ. ദീപ്തി രാമകൃഷ്ണൻ, ഡോ. ലോല ദാസ്, അമല കാൻസർ റീസർച്ച് സെന്റർ ചീഫ് റീസർച്ച് അഡ്മിനിസ്ട്രേറ്റർ ഡോ. ജോബി തോമസ് കെ, സീനിയർ സയന്റിസ്റ്റുമാരായ ഡോ. കയീൻ വടക്കൻ, ഡോ. വിഷ്ണുപ്രിയ മുരളി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഇരുസ്ഥാപനങ്ങൾക്കും അക്കാദമിക് മികവും ഗവേഷണ നവീകരണവും കൈവരിക്കാൻ ഈ ധാരണാപത്രം നിർണായകമായൊരു ഘട്ടമാകുമെന്ന് ചടങ്ങിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

## കോടതി പരസ്യം

**ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ**

OP(MV): 79/2021
EP: 87/2025

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്

-വിധി ഉടമ

Rathy, W/o. Suresh, Olatt House, P.O. Kadappuram, Thrissur-680514

- 1-ാം വിധി കടക്കാരി

മേൽ നമ്പറിൽ 1-ാം വിധി കടക്കാരിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ അനുവദിച്ച് കേസ് 22-1-2026 തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 13-1-2026
വിധി ഉടമ ഭാഗം
അഡ്വക്കേറ്റ്
**മറിയാമ്മ കെ ഇട്ടൂപ്പ്**
(ഒപ്പ്)

# വന്ദേ സ്ലീപ്പർ; നിരക്ക് കൂടിയാലും കുഴപ്പമില്ല, നാട്ടിലെത്താല്ലോ–പ്രതീക്ഷയിൽ ബെംഗളൂരു മലയാളികൾ

ബെംഗളൂരു: സാധാരണ തീവണ്ടികളെക്കാൾ നിരക്ക് കൂടുതലായിരിക്കുമെങ്കിലും ബെംഗളൂരു-തിരുവനന്തപുരം റൂട്ടിൽ വന്ദേഭാരത് സ്ലീപ്പർ സർവീസ് വേണമെന്ന ആവശ്യവുമായി മലയാളികൾ. ബെംഗളൂരുവിൽനിന്ന് കേരളത്തിലേക്കുള്ള നിലവിലെ യാത്രത്തിരക്കും സ്വകാര്യ ബസുകളുടെ നിരക്കും പരിഗണിക്കുമ്പോൾ ഉയർന്ന നിരക്ക് നൽകി വന്ദേഭാരതിൽ യാത്ര ചെയ്യുന്നതാണ് നല്ലതെന്നാണ് ഇവർ പറയുന്നത്. സുഖകരമായ യാത്രയും വന്ദേഭാരത് സ്ലീപ്പറിൽ ലഭിക്കുമെന്നാണ് പ്രതീക്ഷ. കുറഞ്ഞ യാത്രാ സമയവും യാത്രക്കാരുടെ പ്രിയപ്പെട്ട യാത്രാമാർഗമാക്കി മാറ്റുമെന്നുമാണ് വിലയിരുത്തൽ.

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്നതിനാൽ കേരളത്തിന് ഒരു വന്ദേഭാരത് സ്ലീപ്പർ തീവണ്ടിയെങ്കിലും ലഭിക്കുമെന്നാണ് കരുതുന്നത്. ഇത് ബെംഗളൂരു-തിരുവനന്തപുരം റൂട്ടിലായിരിക്കുമെന്ന് ഉറപ്പില്ല. ചെന്നൈ-തിരുവനന്തപുരം, മംഗളൂരു-തിരുവനന്തപുരം റൂട്ടുകളാണ് ഇതിനൊപ്പം ശുപാർശ ചെയ്തിരിക്കുന്നത്. ഈ മൂന്ന് റൂട്ടുകളിൽ നിലവിൽ തീവണ്ടി സർവീസ് കുറവ് ബെംഗളൂരു-തിരുവനന്തപുരം റൂട്ടിലാണ്. അതിനാൽ ഈ റൂട്ടിൽത്തന്നെ വന്ദേഭാരത് സ്ലീപ്പർ ഓടിത്തുടങ്ങണമെന്നാണ് ബെംഗളൂരുവിലെ മലയാളികളുടെ ആവശ്യം.

ഹെൽത്തിയാണ് കേരളം!

കേരള സർക്കാർ
ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്

25.17 ലക്ഷം പേർക്ക് സൗജന്യ ചികിത്സ. മികച്ച ആരോഗ്യ പദ്ധതികൾ, ആധുനിക ചികിത്സയൊരുക്കുന്ന ആശുപത്രികൾ... അന്തർദേശീയ അംഗീകാരങ്ങൾ, ലോകത്തിന്റെ ആദരം... ഇന്ത്യക്ക് മാതൃകയായി കേരളത്തിന്റെ ആരോഗ്യ രംഗം. ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവിതത്തിൽ പ്രത്യാശയുടെ പ്രകാശം നിറയ്ക്കുകയാണ് നമ്മുടെ സർക്കാർ.



- രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ. **25.17** ലക്ഷം പേർക്ക് **7,708** കോടി രൂപയുടെ ചികിത്സ
- **4** പുതിയ മെഡിക്കൽ കോളേജുകൾ, **21** നഴ്സിംഗ് കോളേജുകൾ
- സ്ത്രീകൾക്ക് മാത്രം പ്രത്യേക ക്ലിനിക് – **STHREE** ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ
- **551** സർക്കാർ ആശുപത്രികൾക്ക് ദേശീയ അംഗീകാരം
- രാജ്യത്ത് ആദ്യമായി ഭിന്നശേഷി സൗഹൃദ അംഗത്വ കാർഡ്
- ആശാ വർക്കർമാരുടെ ഓണറേറിയം **8,000** ആയി വർധിപ്പിച്ചു
- **5416** ജനകീയാരോഗ്യ കേന്ദ്രങ്ങൾ. **750** പി.എച്ച്.സികൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി
- ജില്ലാ ആശുപത്രികളിൽ ആദ്യമായി ഹൃദയം, കരൾ, വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ
- **8,500** ലധികം കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയശസ്ത്രക്രിയകൾ
- അപൂർവ്വ രോഗങ്ങൾക്ക് സൗജന്യ ചികിത്സാ പദ്ധതി (KARE) ആവിഷ്ക്കരിച്ച ഏക സംസ്ഥാനം
- ഗർഭാശയ കാൻസറിനെതിരെ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനികൾക്ക് എച്ച്.പി.വി വാക്സിൻ
- **42.5** ലക്ഷം കുടുംബങ്ങൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ
- എല്ലാ ജില്ലകളിലും പെരിറ്റോണിയൽ ഡയാലിസിസ്
- എല്ലാ താലൂക്ക് ആശുപത്രികളിലും ഡെന്റൽ യൂണിറ്റ്
- മാതൃ-ശിശു മരണനിരക്ക് വികസിത രാജ്യങ്ങളേക്കാൾ കുറവ്
- ആരോഗ്യ-വനിതാ-ശിശു വകുപ്പിന് **32** ദേശീയ–അന്തർദേശീയ പുരസ്കാരങ്ങൾ
- **250** ആയുഷ് സ്ഥാപനങ്ങൾക്ക് **NABH** സർട്ടിഫിക്കേഷൻ, **132** സ്ഥാപനങ്ങൾക്ക് കായകൽപ് അവാർഡ്
- **700** ഡിസ്പെൻസറികൾ ആരോഗ്യ & വെൽനെസ്സ് സെന്ററുകളാക്കി
- എല്ലാ ജില്ലകളിലും സ്പോർട്സ്, ആന്റി-ഡിപ്രഷൻ, നേത്ര, ഫിസിയോതെറാപ്പി യൂണിറ്റുകൾ

